മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*331)

## വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാത്രികോണം

1 (*331) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാവുന്നതോടെ തീരത്തെത്തുന്ന കൂറ്റൻ മദർ വെസലുകളുടെയും വൻകിട കപ്പലുകളുടെയും അറ്റകുറ്റപ്പണികൾക്കായി സൗകര്യം ഒരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്ര ഫിഷിങ് മന്ത്രാലയവും കൊച്ചിൻ ഷിപ്പ്‌യാർഡും നടത്തിയ പഠനങ്ങളിൽ പൂവാർ തീരം കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നുവോ; വ്യക്തമാക്കുമോ;

(സി) വിഴിഞ്ഞം പ്രധാന കയറ്റിറക്കുമതി തുറമുഖമാക്കുന്നതും അതിന് അനുബന്ധമായി വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാത്രികോണം വികസിപ്പിക്കുന്നതും സംസ്ഥാനത്തിന്റെ സാമ്പത്തിക-വ്യാവസായിക വളർച്ചയ്ക്ക് എത്രത്തോളം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

അറിയിക്കുമോ;

(ഡി) ലോജിസ്റ്റിക്സ്, മിനി ലോജിസ്റ്റിക്സ് പാർക്കുകളുടെ ഒരു ലോജിസ്റ്റിക്സ് ടൗൺഷിപ്പ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) വിഴിഞ്ഞം തുറമുഖത്തിലേയ്ക്ക് വരുന്ന വൻകിട കപ്പലുകൾക്ക് ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾക്കായി സൗകര്യമൊരുക്കുവാൻ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട കപ്പൽ റിപ്പയർ സംരംഭകർ വിഴിഞ്ഞം കോൺക്ലേവിൽ താൽപര്യം പ്രകടിപ്പിച്ചിരുന്നു. ഇവർക്കാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന്റെ സാധ്യതകൾ സംബന്ധിച്ച് VISL-മായും കേരള മാരിടൈം ബോർഡുമായും പ്രാഥമിക ചർച്ചകൾ നടന്നിട്ടുണ്ട്.

(ബി) പൂവാറിൽ ബ്രേക്ക് വാട്ടർ നിർമ്മാണത്തിന് ഭാരിച്ച ചെലവ് വേണ്ടിവരുമെന്നും നെയ്യാർ കടലുമായി ചേരുന്ന ഭാഗമാണ് പൂവാർ എന്നതിനാൽ സിൽറ്റേഷൻ സാധ്യതയുള്ളതിനാലും ഗണ്യമായ രീതിയിൽ ഡ്രഡ്ജിങ് വേണ്ടിവരുമെന്നുമാണ് പഠനങ്ങളിൽ കണ്ടെത്തിയത്. കൂടാതെ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 19-10-2017-ൽ ചേർന്ന യോഗത്തിൽ പൂവാറിൽ റോഡ്, റെയിൽ കണക്ടിവിറ്റിയുടെ അപര്യാപ്തത, ഭൂമിയുടെ ഉയർന്ന മൂല്യം എന്നിവ കണക്കിലെടുത്തും ബോംബെ തുറമുഖത്ത് കപ്പൽ അറ്റകുറ്റപ്പണികൾക്കായി സ്ഥലമേറ്റെടുത്ത് പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനാലും കൊച്ചിൻ ഷിപ്പ്‌യാർഡ് അസൗകര്യം പ്രകടിപ്പിച്ചതിനാൽ പൂവാറിൽ കപ്പൽ നിർമ്മാണശാല ആരംഭിക്കുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിച്ചിരുന്നില്ല.

(സി&ഡി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങളാരംഭിക്കുവാനും സർക്കാർ പലവിധ പരിപാടികൾ നടത്തിവരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ആഗോള നിക്ഷേപ ഭൂപടത്തിൽ ഉറപ്പിച്ചുനിർത്തുകയെന്ന ലക്ഷ്യത്തോടെയുള്ള നിക്ഷേപക സംഗമമായ വിഴിഞ്ഞം കോൺക്ലേവ് 2025 ജനുവരി 28, 29 തീയതികളിലായി നടന്നു. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെ.എസ്.ഐ.ഡി.സി.) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡും (വി.ഐ.എസ്.എൽ.) തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസുമായി (ടി.സി.സി.ഐ.) ചേർന്ന് തിരുവനന്തപുരത്തുവച്ച്

സംഘടിപ്പിച്ച പ്രസ്തുത പരിപാടിയിൽ 300-ലധികം പ്രതിനിധികളും അൻപതിലധികം കമ്പനികളും പങ്കെടുക്കുകയും ചെയ്തു. വിഴിഞ്ഞം കേരളത്തിന്റെ വ്യാവസായികരംഗത്ത് നൽകുന്ന സാധ്യതകളെല്ലാം വിഴിഞ്ഞം കോൺക്ലേവിലൂടെ നിക്ഷേപകർക്ക് മുന്നിലെത്തിക്കാൻ സാധിച്ചു. കൂടാതെ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ വ്യാവസായിക പുരോഗതിക്കും ഇത് വഴിയൊരുക്കുമെന്ന് കരുതുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് ഒരുവർഷത്തോളം സമയം കണക്കാക്കിയിരുന്നെങ്കിലും മൂന്നുമാസത്തിനുള്ളിൽ നൂറിലേറേ കപ്പലുകൾ വന്നുപോയത് ഏറെ പ്രതീക്ഷ നൽകുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടുംമൂന്നും ഘട്ടവികസനം 2028-ൽ പൂർത്തിയാകുമെന്നും പാസഞ്ചർ കാർഗോ ഷിപ്പ്മെന്റ് സൗകര്യങ്ങൾകൂടി വരുന്നതോടെ വിഴിഞ്ഞം ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക് ഹബ്ബ് കേരളത്തിന്റെ വികസനത്തിന്റെയും പുരോഗതിയുടെയും പ്രവേശന കവാടമായി തീരുമെന്നും കരുതുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വരുന്നതിന്റെ ഭാഗമായി കേരളത്തിൽ ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് വലിയ സാധ്യതയുണ്ടാകുമെന്ന വിലയിരുത്തലിൽ ഒരു പുതിയ ലോജിസ്റ്റിക്സ് പാർക്ക് നയം

രൂപീകരിക്കുന്നുണ്ട്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, വിഴിഞ്ഞം തുറമുഖം ഇന്ത്യയിലെ ആദ്യത്തെ മദർഷിപ്പ് തുറമുഖമായി മാറുകയാണ്. ഈ ഘട്ടത്തിൽ അന്താരാഷ്ട്ര കണക്ഷൻ, ലോജിസ്റ്റിക്സ് പിന്തുണ, മികച്ച ഗതാഗത സൗകര്യം എന്നിവ ഉറപ്പുവരുത്തുമ്പോൾ കേരളം കടൽഗതാഗതത്തിലും ചരക്കുനീക്കത്തിലും ലോകത്തിലെതന്നെ ഒരു പ്രധാനപ്പെട്ട കേന്ദ്രമായി മാറുകയാണ്. ഈ ഘട്ടത്തിൽ ലോജിസ്റ്റിക്സിന് ഏറ്റവും അനുയോജ്യമായ രീതിയിൽ ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിലേക്കുമെത്താൻ കഴിയുന്ന തരത്തിൽ റെയിൽ കണക്ടിവിറ്റി സംവിധാനമൊരുക്കുന്നുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതുസംബന്ധിച്ച പഠനങ്ങൾ നടത്തി തയ്യാറാക്കി സമർപ്പിച്ച ഡി.പി.ആർ. -ന് കേന്ദ്ര റെയിൽവെ മന്ത്രാലയം അനുമതിയും എൻവയോൺമെന്റൽ അംഗീകാരവും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുള്ള ഭൂമിയേറ്റെടുക്കൽ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 5.526 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നുണ്ട്. 1482 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി 2028-ൽ പൂർത്തീകരിക്കുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വിഴിഞ്ഞം തുറമുഖം പൂർണ്ണ അർത്ഥത്തിൽ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. കൊളംബോ, സിങ്കപ്പൂർ, ദുബായ് എന്നീ സ്ഥലങ്ങളിലെ തുറമുഖങ്ങളുമായാണ് ഭാവിയിൽ വിഴിഞ്ഞം തുറമുഖം മത്സരിക്കാൻ പോകുന്നത്. ഈ ഘട്ടത്തിൽ കേരളത്തിലെ ചെറു തുറമുഖങ്ങളുമായി ഫീഡർ കണക്ഷൻ വർദ്ധിപ്പിച്ചുകൊണ്ടും ഉൾനാടൻ ജല ഗതാഗതത്തിനായി നദികളെ തുറമുഖങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടും ചെലവ് കുറഞ്ഞ രീതിയിൽ ചരക്ക് ഗതാഗതം സാധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് മാരിടൈം ബോർഡുമായി ചർച്ചചെയ്ത് ഒരു പ്രോജക്ട് തയ്യാറാക്കിക്കഴിഞ്ഞു. സംസ്ഥാനത്തെ നോൺ-മേജർ പോർട്ടുകൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ അങ്ങ് സൂചിപ്പിച്ചപോലെയുള്ള ഭാവി പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, തദ്ദേശീയരായ യുവതീ-യുവാക്കൾക്ക് തുറമുഖവുമായി ബന്ധപ്പെട്ട മേഖലയിൽ പരിശീലനം നേടുന്നതിനായി

നൈപുണ്യ പരിശീലന കേന്ദ്രം വിഴിഞ്ഞത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; നൈപുണ്യ പരിശീലന കേന്ദ്രത്തിൽ വിഴിഞ്ഞം പോർട്ടിലേക്കാവശ്യമായ രീതിയിൽ, ആ മേഖലയിലെ കോഴ്സുകളും പരിശീലനവും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്നത്തേക്ക് പൂർണ്ണ പ്രവർത്തന സജ്ജമാക്കാൻ സാധിക്കുമെന്ന് പറയാമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ഒറ്റ ശ്വാസത്തിൽ മൂന്ന് ചോദ്യമാണ് ചോദിച്ചിരിക്കുന്നത്....

ശ്രീ. വി. എൻ. വാസവൻ: സർ, അംഗം ഉന്നയിച്ച മൂന്ന് ചോദ്യത്തിനും ഉത്തരം പറയാം. നൈപുണ്യ പരിശീലനത്തിനായി വിഴിഞ്ഞത്ത് ASAP സെന്റർ ആരംഭിക്കുകയും ഇതിൽനിന്നും പരിശീലനം ലഭിച്ച ആദ്യ ബാച്ചിന് തുറമുഖവുമായി ബന്ധപ്പെട്ടുതന്നെ തൊഴിൽ നൽകുകയുംചെയ്തു. ഭാവിയിൽ പദ്ധതി എന്നേയ്ക്ക് പൂർത്തിയാകുമെന്ന ചോദ്യത്തിന് 2028 ഓടുകൂടി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും എന്നറിയിക്കുകയാണ്. കൂടുതൽ തൊഴിൽ സാധ്യതയ്ക്കാവശ്യമായ നൈപുണ്യ പരിശീലനം നടത്തിവരുന്നുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, വിഴിഞ്ഞം തുറമുഖത്തെ

മാരിടൈം ലോജിസ്റ്റിക്സ് ഹബ്ബാക്കുന്നതിനായി തലസ്ഥാനത്തേക്ക് തുറമുഖാധിഷ്ഠിത വ്യവസായങ്ങളിൽ പരമാവധി നിക്ഷേപകരെ ആകർഷിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനുള്ള ഉത്തരം ആദ്യത്തെ ചോദ്യത്തിനുള്ള മറുപടിയിൽത്തന്നെ വ്യക്തമാക്കിയിരുന്നു. ഇക്കഴിഞ്ഞ ജനുവരി 28, 29 തീയതികളിൽ വിഴിഞ്ഞം കോൺക്ലേവ് സംഘടിപ്പിച്ച് നിക്ഷേപകരെ ആകർഷിക്കുന്ന നടപടി സ്വീകരിക്കുകയും ലോജിസ്റ്റിക്സ് സംവിധാനങ്ങൾ ഉൾപ്പെടെ പ്രയോജനപ്പെടുത്താൻകഴിയുന്ന ഭാവിപദ്ധതികളെക്കുറിച്ച് ഉയർന്നുവന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരികയുമാണ്.

ശ്രീ. സി. സി. മുകുന്ദൻ: സർ, മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്രാദേശിക ജനവിഭാഗങ്ങൾക്കുകൂടി വിഴിഞ്ഞം പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച പദ്ധതി ആവിഷ്കരിക്കുകയും പ്രധാനമായും അവിടെയൊരു ഫിഷിങ് ഹാർബർ എന്ന

ആശയംതന്നെ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സി.ഡബ്ല്യൂ.പി.ആർ.എസ്. (CENTRAL WATER AND POWER RESEARCH STATION) പരിശോധന നടത്തുകയും ഫിഷിംഗ് ഹാർബർ സ്ഥാപിക്കാൻ ധാരണയാകുകയുംചെയ്തു, ഇപ്പോൾ പദ്ധതി നടപ്പാക്കാൻ പോകുകയാണ്. ഹാർബർ യാഥാർത്ഥ്യമായാൽ അത് മത്സ്യത്തൊഴിലാളികൾക്കുള്ള ഏറ്റവും വലിയ സൗകര്യമാവും, അതോടൊപ്പം അവിടെ സീ ഫുഡ് പാർക്കുകൂടി യാഥാർത്ഥ്യമാകാൻ പോകുകയാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാക്കിയ കരാറിൽത്തന്നെ പ്രദേശവാസികൾക്ക് 50 ശതമാനം തൊഴിലവസരം നൽകുമെന്ന് ഉറപ്പുനൽകിയിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് നേരത്തെ ഞാൻ ചോദിച്ചപ്പോഴും 50 ശതമാനത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ പ്രദേശവാസികൾക്ക് നൽകിക്കഴിഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറഞ്ഞതെങ്കിലും യാഥാർത്ഥ്യം അങ്ങനെയല്ല. അതുകൊണ്ടുതന്നെ വളരെ കൃത്യമായി 50 ശതമാനം തൊഴിലവസരങ്ങൾ പ്രദേശവാസികൾക്ക് നൽകാനുള്ള കർശന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പ്രസ്തുത വിഷയത്തിൽ കർശന നടപടിതന്നെ സ്വീകരിക്കും. ഇതിനോടകംതന്നെ തദ്ദേശവാസികൾക്ക് 56 ശതമാനം തൊഴിലവസരം ലഭ്യമായിട്ടുണ്ടെന്ന പരിശോധനസംബന്ധിച്ച കണക്ക് ബഹുമാനപ്പെട്ട അംഗത്തിന് വിശദീകരിച്ചുതരാം.

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചിയിൽനിന്നും കൊല്ലത്തേക്ക് കണ്ടെയ്നർ വെസ്സലുകൾ വഴി ചരക്കുനീക്കം ആരംഭിക്കുമെന്ന് നേരത്തേതന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ ഇതുവരെ ആ സംവിധാനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കിയാൽ റോഡിൽക്കൂടിയുള്ള വാഹനത്തിരക്ക് കുറയ്ക്കാൻ സാധിക്കും. മറ്റൊരു ചോദ്യംകൂടിയുണ്ട്, കൊച്ചി തുറമുഖത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളെ സംബന്ധിച്ച് ഭാവനാസമ്പന്നമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി കമ്മിഷൻ ചെയ്തുകഴിഞ്ഞാൽ ഭാവിയിൽ അത്തരം നടപടികളിലേക്ക് എത്തിച്ചേരും.

ശ്രീ. ജോബ് മൈക്കിൾ: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ അനന്തമായ

സാധ്യത മുതലെടുത്ത് മിനി ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കാൻ മധ്യതിരുവിതാംകൂർ ഉൾപ്പെടുന്ന കോട്ടയം ജില്ലയിലെ ഏതെങ്കിലും സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ വാണിജ്യപരമായി വളരെ പാരമ്പര്യമുള്ള ചങ്ങനാശ്ശേരിയിൽ പദ്ധതി സ്ഥാപിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗത്തിനും എനിക്കും താൽപര്യമുള്ള കാര്യമാണ്, എങ്കിലും ആദ്യം തിരുവനന്തപുരത്തുനിന്ന് തുടങ്ങി കൊല്ലംവഴിവേണം കോട്ടയത്ത് എത്താൻ.

മി. സ്പീക്കർ: കടലുണ്ടാക്കണമെന്ന് പറയാത്തത് ഭാഗ്യമായി...

ശ്രീ. വി. എൻ. വാസവൻ: സർ, കടലില്ലാത്ത സ്ഥലത്ത് ഞങ്ങൾ ഒരു പോർട്ട് ഉണ്ടാക്കിയിട്ടുണ്ട്, അദ്ദേഹം ചോദിച്ചതിലുള്ള കാര്യം അതാണ്. ഉൾനാടൻ ജലഗതാഗതത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് കോട്ടയം ജില്ലയിൽ സ്ഥാപിച്ച പോർട്ട് യഥാർഥത്തിൽ break-even point-ലേക്ക് എത്തിയിരിക്കുന്നു. ഞാൻ മുമ്പ് എം.എൽ.എ. ആയിരുന്ന സമയത്ത് ഈ വിഷയം സഭയിൽ ഉന്നയിച്ചപ്പോൾ എന്നെ പരിഹസിച്ചതാണ്, പക്ഷേ ആ പദ്ധതി യാഥാർഥ്യമായിക്കഴിഞ്ഞുവെന്ന സന്തോഷവാർത്ത എല്ലാവരെയും അറിയിക്കുകയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, വൻകിട പ്രോജക്ടുകളുടെ ഇൻഫ്രാസ്ട്രക്ച്ചർ, അതായത് അനുബന്ധ സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ ഉത്തരവാദിത്വത്തിലുള്ളതാണ്. വഴിഞ്ഞം തുറമുഖവുമായി റെയിൽ കണക്ടിവിറ്റി, റോഡ് കണക്ടിവിറ്റി സാധ്യമാകണം. Gate-rail traffic യാഥാർത്ഥ്യമാകണമെങ്കിൽ റെയിൽ കണക്ടിവിറ്റിയും റോഡ് കണക്ടിവിറ്റിയും പ്രധാനമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നിട്ടുതന്നെ 9 വർഷമാകുന്നു, ഞാൻ സൂചിപ്പിച്ച വിഷയത്തിൽ ഏത്രമാത്രം പുരോഗതി കൈവരിച്ചു; എന്നത്തേക്ക് ഈ സംവിധാനം യാഥാർത്ഥ്യമാകും? പ്രസ്തുത സംവിധാനം യാഥാർത്ഥ്യമായാൽമാത്രമെ തിരുവനന്തപുരത്തിന്റെ വികസനത്തിന് വിഴിഞ്ഞം പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി ലഭിക്കുകയുള്ളൂ, ഇതുസംബന്ധിച്ച് വ്യക്തമായ മറുപടി നൽകാൻ സാധിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതുസംബന്ധിച്ച വ്യക്തമായ ധാരണയും ഭാവനയും ഗവൺമെന്റിനുണ്ട്, അതിനായുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. 10.27 കി. മീ റെയിൽവെ കണക്ടിവിറ്റി വരുന്നുണ്ട്, ഇതിൽത്തന്നെ 9.2 കി.മീ തുരങ്കപാതയാണ്. ഇതിനായി 5.526 ഹെക്ടർ

സ്ഥലം ഏറ്റെടുക്കാനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. 2028-ഓടുകൂടി പദ്ധതി പൂർത്തീകരിക്കും 1482 കോടി രൂപ ഇതിന് ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. അതുപോലെതന്നെ വിഴിഞ്ഞം പോർട്ടും നാഷണൽ ഹൈവേയുമായുള്ള കണക്ടിവിറ്റി ആരംഭിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതും സമീപഭാവിയിൽ ത്വരിതഗതിയിൽ നടപ്പാക്കും.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വളരെ പഴക്കമുള്ള തുറമുഖമായ ആലപ്പുഴ തുറമുഖത്തിന്റെ പുനരുദ്ധാരണത്തിനോ വിപുലീകരണത്തിനോവേണ്ടി ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ അങ്ങ് ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, മാരിടൈം ബോർഡ് മുൻകൈയെടുത്ത് സാഗർമാല പദ്ധതിയിലുൾപ്പെടുത്തി ഒരു പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഏറ്റെടുക്കുമെന്ന് അറിയിക്കുകയാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമായതോടെ കേരളം വലിയ മാറ്റത്തിന് തയ്യാറെടുക്കുകയാണ്.

ചരക്കുകളുടെ ഫീഡർ കേന്ദ്രമായി വിഴിഞ്ഞവും കൊല്ലവും ഭാവിയിൽ മാറുമെന്ന് ഉറപ്പാണ്. അതുകൊണ്ടുതന്നെ മൈനർ പോർട്ടുകളെ കണക്ട് ചെയ്തുകൊണ്ട് ഒരു ചരക്ക് സർവ്വീസ് ആരംഭിക്കാൻ സാധിച്ചാൽ കണ്ണൂർ അഴീക്കൽവരെ വലിയ മാറ്റം ഉണ്ടാക്കിയെടുക്കാൻ സാധിക്കും. അത്തരമൊരു കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, അതിനെക്കുറിച്ച് ആലോചിച്ചുകഴിഞ്ഞു. അങ്ങയുടെ സാന്നിദ്ധ്യത്തിൽ നമ്മൾ ബേപ്പൂർ, അഴീക്കോട് തുറമുഖങ്ങളുടെ കാര്യം ചർച്ച ചെയ്തതാണല്ലോ. ബേപ്പൂർ, അഴീക്കോട്, കൊച്ചി, കൊല്ലം എന്നീ മൈനർ പോർട്ടുകളെയെല്ലാം യോജിപ്പിച്ചുകൊണ്ട് ഭാവി ചരക്കുഗതാഗതത്തെ സംബന്ധിച്ച് മാരിടൈം ബോർഡ് ചർച്ചചെയ്ത് പ്രൊപ്പോസൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനമാരംഭിച്ചശേഷമുള്ള വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ തൽസ്ഥിതിയും പദ്ധതി പുരോഗതിയും അറിയിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകം 215 കപ്പലുകൾ വിഴിഞ്ഞം തുറമുഖത്ത് വരികയും 422846 TEU (Twenty -foot equivalent

unit) കൈകാര്യം ചെയ്തുവെന്നുമുള്ള സന്തോഷവാർത്ത അറിയിക്കുകയാണ്. അതോടൊപ്പം ഫെബ്രുവരി മാസത്തിൽ ഏതാണ്ട് 40 ഷിപ്പുകളിലായി 72826 TEU കൈകാര്യംചെയ്തുകൊണ്ട് ഇന്ത്യയിലെ ഒന്നാമത്തെ തുറമുഖമായി വിഴിഞ്ഞം മാറിക്കഴിഞ്ഞുവെന്നും സഭയെ അറിയിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, നിലവിൽ തുറമുഖത്തിന്റെ ട്രാൻസ്ഷിപ്പ്മെന്റ് പ്രക്രിയ മാത്രമാണ് നടക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. ചരക്ക് തുറമുഖത്തിന് അകത്തേക്കും പുറത്തേക്കുമെത്തിക്കുന്ന ഗേറ്റ്‌വേ കണ്ടെയിനർ നീക്കം ഉടൻ ആരംഭിക്കുമോ; അതിന്റെ വിശദാംശം നൽകാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കസ്റ്റംസിന്റെ സജ്ജീകരണങ്ങളും കണ്ടെയിനർ സ്കാനറുകൾ സ്ഥാപിച്ചുകൊണ്ട് നാലുമാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ Public-Private Partnership (PPP) മാതൃകയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രത്യേക വികസന ഇടനാഴി/ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോറിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് ആദ്യ ഘട്ടത്തിൽ

റെയിൽവേ കണക്ടിവിറ്റിയും റോഡ് കണക്ടിവിറ്റിയും കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രോജക്ട് പൂർത്തീകരിക്കാനാവശ്യമായ പദ്ധതി ആവിഷ്കരിക്കുന്നതാണ്.

ശ്രീ. പി. നന്ദകുമാർ: സർ, വിഴിഞ്ഞം പദ്ധതി പ്രാവർത്തികമാക്കുന്നതോടുകൂടി ഈ മേഖലയിൽ വലിയ സാധ്യതകളാണ് ഉയരുന്നുവരുന്നത്. അതിന്റെ ഭാഗമായി ചെറുകിട തുറമുഖങ്ങൾക്ക് സാധ്യതയേറുകയാണ്. പൊന്നാനി തുറമുഖത്തിന്റെ പ്രവർത്തനമാരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം നേരത്തെ ഈ വിഷയം ഉന്നയിച്ചതനുസരിച്ച് മാരിടൈം ബോർഡ് പ്രത്യേകമായി പരിഗണിച്ച് അവിടെ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തി പിപിപി പ്രോജക്ടായി പൊന്നാനി തുറമുഖത്തെ ഏറ്റെടുക്കുന്ന രൂപത്തിലേയ്ക്കുള്ള പരിഗണന വന്നുകഴിഞ്ഞിരിക്കുകയാണ്.

## കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി

2(* 332) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയുടെ വില ക്രമാതീതമായി ഉയരുന്നതിനാൽ കെ.എസ്.ഇ.ബി. സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി സ്വകാര്യ മൂലധന നിക്ഷേപം സ്വരൂപിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇരുപത്തിയഞ്ച് മെഗാവാട്ടിന് താഴെയുള്ള ജലവൈദ്യുത പദ്ധതികളുടെ നടത്തിപ്പിൽനിന്നും പൂർണ്ണമായും പിൻമാറാൻ ആലോചിക്കുന്നുണ്ടോ; ഈ മേഖലയിൽ കൂടുതൽ സ്വകാര്യ കമ്പനികളെ ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, (എ) പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയുടെ വില ക്രമാതീതമായി ഉയരുന്നതിനാൽ കെ.എസ്.ഇ.ബി. സാമ്പത്തിക പ്രയാസത്തിലേയ്ക്ക് നീങ്ങുന്നതായി വിലയിരുത്തിയിട്ടുണ്ട്. നിലവിൽ 80 ശതമാനത്തോളം വൈദ്യുതി

പുറമേനിന്ന് വാങ്ങിയാണ് കേരളത്തിലെ ആവശ്യകത നിറവേറ്റുന്നത്. പ്രധാനമായും താപനിലയങ്ങളിൽനിന്നുള്ള വൈദ്യുതിയായതിനാൽ രാജ്യവ്യാപകമായി ഇന്ധനവിലയിലും ഗതാഗത ചെലവിലുമുണ്ടാവുന്ന വർധനവ് വൈദ്യുതി വാങ്ങൽവില വർധിക്കാനിടയാക്കുന്നുണ്ട്. ഇത് കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതിനൊപ്പം വൈദ്യുതിനിരക്ക് വർധനയ്ക്കും ഇടയാക്കുന്നുണ്ട്. വേനൽക്കാലത്ത് വൈദ്യുതി ആവശ്യകത വർധിക്കുന്നതിനൊപ്പം ലഭ്യത കുറയുന്നതും വില ക്രമാതീതമായി ഉയരുന്നതും സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാണ്.

പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ വില വർഷങ്ങളായി ക്രമാതീതമായി വർധിക്കുകയാണ്. 2022-23 സാമ്പത്തികവർഷം വൈദ്യുതിവാങ്ങൽ ചെലവ് 11240.62 കോടി രൂപയായിരുന്നു. ഇത് 2023-24 സാമ്പത്തിക വർഷത്തിൽ 12982.59 കോടി രൂപയായി കൂടിയിട്ടുണ്ട്. 2024-25 സാമ്പത്തികവർഷത്തിൽ 31-12-2024 വരെയുള്ള കണക്ക് പ്രകാരം വൈദ്യുതിവാങ്ങൽ ചെലവ് 9930.72 കോടി രൂപയാണ്.

അടുത്ത നാലുമാസം വേനൽക്കാലത്ത് വൈദ്യുതി ഉപഭോഗം വൻതോതിൽ വർധിക്കുമെന്നാണ് കഴിഞ്ഞകാല അനുഭവങ്ങൾ സൂചിപ്പിക്കുന്നത്. അതിനാൽ വൈദ്യുതിവാങ്ങൽ ചെലവും മറ്റ് അനുബന്ധ ചെലവുകൾക്കുമായി കൂടുതൽ തുക കണ്ടെത്തേണ്ടതുണ്ട്. ഇതുമൂലം വരുന്ന അധിക സാമ്പത്തിക ചെലവ് കെ.എസ്.ഇ.ബി.എൽ.-നെ സാമ്പത്തിക ഞെരുക്കത്തിലേക്ക് നയിക്കുന്നുണ്ട്.

എന്നാൽ മികച്ച ആസൂത്രണത്തിലൂടെ വൈദ്യുതിലഭ്യത ഉറപ്പുവരുത്താനും മിതമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാനുള്ള കരാറുകളിലേർപ്പെടാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി അമിത ആവശ്യകത അനുഭവപ്പെടുന്ന 'പീക്ക്' സമയങ്ങളിലേക്ക് മാത്രമായി അധികവില നൽകി മാർക്കറ്റിൽനിന്നും വൈദ്യുതി വാങ്ങുന്ന പ്രവണത കുറയ്ക്കുന്നതിനും അതിലൂടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൂടുതൽ അളവിലുള്ള കൈമാറ്റ കരാറുകളിലേർപ്പെടുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ പഞ്ചാബ്, ഉത്തർപ്രദേശ്, ഹിമാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് വലിയതോതിലുള്ള വൈദ്യുതികൈമാറ്റ കരാർപ്രകാരം ഈ വർഷം മാർച്ച്,

ഏപ്രിൽ, മെയ് മാസങ്ങളിലേക്കായി വൈദ്യുതി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന വൈദ്യുതി സംസ്ഥാനത്തെ വൈദ്യുതിലഭ്യത കൂടുതലുള്ള ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ തിരികെ നൽകിയാൽ മതിയാകും. ഇത്തരം കരാറുകളിൽ ഒരു സാമ്പത്തിക കൈമാറ്റവുമില്ലാത്തതിനാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുതിവാങ്ങൽ ചെലവിൽ ഗണ്യമായ കുറവുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിനുപുറമെ 'പീക്ക്' സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് 500 MW വീതമുള്ള രണ്ടു ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കുന്നതിനായി ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിനനുയോജ്യമായ 3150 MW ശേഷിയുള്ള 'പമ്പ്ഡ്' സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കുന്നതിനും ശ്രമങ്ങൾ പുരോഗമിക്കുന്നു. ഇത്തരം നടപടികൾ വൈദ്യുതിബോർഡിന്റെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് ഉതകുന്നതാണ്.

മുൻവർഷ നഷ്ടത്തിന്റെഭാഗം സർക്കാർ ഏറ്റെടുത്തതുവഴി ലഭ്യമാകുന്ന 494.29 കോടി രൂപകൂടി പ്രയോജനപ്പെടുത്തി ഈ

വേനൽക്കാല സാമ്പത്തിക ഞെരുക്കം തരണംചെയ്യാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) നിലവിൽ സ്വകാര്യ മൂലധന നിക്ഷേപസമാഹരണത്തിനുള്ള തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. എന്നാൽ വ്യവസായ പുരോഗതി കണക്കിലെടുത്തും വിവരസാങ്കേതിക രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ചും വൈദ്യുതി ആവശ്യകത വൻതോതിൽ വർധിക്കുമെന്നും ഈ ആവശ്യം നിറവേറ്റുന്നതിന് 2030-ഓടുകൂടി വൈദ്യുതോൽപാദനം 10GW എന്ന നിലയിലേയ്ക്ക് ഉയർത്തേണ്ടിവരുമെന്നുമാണ് കണക്കുകൂട്ടുന്നത്. ഇതിന് 50,000 കോടി രൂപയുടെ മൂലധന നിക്ഷേപം ആവശ്യമായി വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇത് കണ്ടെത്തുന്നതിനുള്ള വിവിധ വഴികളെപ്പറ്റി വിശദമായി പഠിച്ചുവരികയാണ്.

(സി) 25 MW-നുതാഴെയുള്ള ജലവൈദ്യുത പദ്ധതികളുടെ നടത്തിപ്പിൽനിന്നും പിന്മാറാൻ ആലോചിക്കുന്നില്ല. എന്നാൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനും 2030-ഓടുകൂടി

ആഭ്യന്തര വൈദ്യുതോൽപാദനം വർധിപ്പിക്കാനുമുള്ള വിവിധ മാർഗങ്ങൾ ആവിഷ്കരിച്ചുവരുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കെ.എസ്.ഇ.ബി.എ സാമ്പത്തിക നഷ്ടത്തിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുന്നുണ്ട്. എന്നാൽ വൈദ്യുതിബോർഡ് അതിനനുസരിച്ചുള്ള നയം സ്വീകരിക്കുന്നുമില്ല. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ദീർഘകാല കരാർ റദ്ദാക്കിയതിലൂടെ 410 കോടി രൂപയുടെ അധികബാധ്യതയാണ് സർക്കാരിനുണ്ടായത്. 2003-ലെ വൈദ്യുതി നിമയത്തിലെ സെക്ഷൻ 108 പ്രകാരം അത്തരം കരാറുകൾ റദ്ദാക്കാനും കെ.എസ്.ഇ.ആർ.സി. (കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ)-യുടെ ഉത്തരവുകൾ പിൻവലിക്കാനും ആവശ്യപ്പെടാൻ ഗവൺമെന്റിന് സാധിക്കുമായിരുന്നു. പക്ഷേ അങ്ങനെ റദ്ദാക്കാൻ പറയുകയോ അതിനനുസരിച്ചുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുകയോ ചെയ്തില്ല. കരാർ റദ്ദാക്കിയതുമൂലമുണ്ടായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കെ.എസ്.ഇ.ബി. ഏതെങ്കിലും ഹ്രസ്വകാല-മധ്യകാല കരാർ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ യൂണിറ്റ് ഒന്നിന്

നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയാണെന്ന് അറിയിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ വ്യതിചലിച്ചതിനാണ് കെ.എസ്.ഇ.ബി.എൽ 2014-15 കാലയളവിൽ സ്വകാര്യ വൈദ്യുതി ഉൽപാദകരിൽനിന്നും 465 MW വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾക്ക് അംഗീകാരം നൽകണമോയെന്ന ബോർഡിന്റെ ആവശ്യം നിരസിച്ചുകൊണ്ട് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്. 300 MW വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിന് നേരത്തെതന്നെ കമ്മീഷൻ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഏറ്റവുമൊടുവിൽ കെ.എസ്.ഇ.ബി.എൽ. നൽകിയ ഹർജി തള്ളിക്കൊണ്ടും കെ.എസ്.ഇ.ആർ.സി. ഉത്തരവ് ശരിവച്ചുകൊണ്ടും ബഹുമാനപ്പെട്ട കോടതി ഉത്തരവിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് കെ.എസ്.ഇ.ബി.എൽ. നിർദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കോടതിയുടെ തീരുമാനമനുസരിച്ചുമാത്രമേ മറ്റ് നടപടികളിലേക്ക് പോകാൻ സാധിക്കുകയുള്ളൂ.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കെ.എസ്.ഇ.ബി.-യുടെ

ശബരിഗിരി മൂഴിയാർ ജലവൈദ്യുത പദ്ധതിയിലെ വെള്ളമാണ് മാണിയാറിലെത്തുന്നത്. 2013-ൽ ഉമ്മൻചാണ്ടി സർക്കാർ വൈദ്യുതിനയം കൊണ്ടുവന്നിരുന്നു. അതിനനുസരിച്ച് കെ.എസ്.ഇ.ബി.-ക്ക് മാത്രമേ അതിൽനിന്നും വെള്ളമെടുക്കാൻ കഴിയുമായിരുന്നുള്ളൂ. പക്ഷേ കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി 1991-ലാണ് കരാറുണ്ടാക്കിയത്. അത് മുപ്പത് വർഷത്തേയ്ക്കായിരുന്നു. അതുകൊണ്ടുതന്നെ കരാർ റദ്ദാക്കാൻ കഴിയുമായിരുന്നില്ല. പക്ഷേ 2024-ഓടുകൂടി കരാറിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നു. കാലാവധി നീട്ടിക്കൊടുക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നതെന്ന് മാതൃഭൂമി ഓൺലൈൻ ന്യൂസിൽ പറയുന്നുണ്ട്. മുപ്പതുവർഷമായി വ്യവസായങ്ങളൊന്നും കൊണ്ടുവരാത്ത ആ കമ്പനി പുതിയ വ്യവസായം കൊണ്ടുവരുന്നുവെന്ന് പറയുമ്പോൾ അംഗീകരിക്കാൻ സാധിക്കില്ല. അതുകൊണ്ട് ആ കരാർ റദ്ദാക്കി സാധാരണ ജനങ്ങൾക്ക് ഉപകാരപ്രദമായ രൂപത്തിൽ ഗവൺമെന്റും വൈദ്യുതിബോർഡും ഏറ്റെടുത്ത് ജനോപകാരപ്രദമായൊരു പദ്ധതിയാക്കി മാറ്റാൻ സാധിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ 1990-ലെ ചെറുകിട ജലവൈദ്യുതി നയത്തിന്റെ വ്യവസ്ഥകളനുസരിച്ച് മണിയാർ

ചെറുകിട വൈദ്യുത പദ്ധതി നിർമ്മിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമായി കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിനെ കരാറടിസ്ഥാനത്തിൽ നിശ്ചയിച്ചിരുന്നു. 2024 ഡിസംബറിൽ ഇതിന്റെ കാലാവധി കഴിഞ്ഞതിനാൽ അവർ നടത്തുന്ന വ്യവസായ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ദീർഘിപ്പിക്കണമെന്ന് കമ്പനി ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ധനകാര്യ, നിയമ, വ്യവസായ വകുപ്പുകളുടെ അഭിപ്രായങ്ങളുൾപ്പെടെ എല്ലാകാര്യങ്ങളും സർക്കാർ പരിശോധിച്ചുവരികയാണ്. കഴിഞ്ഞദിവസം ഇവിടെ മുൻ പ്രതിപക്ഷനേതാവ് ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വിശദമായ മറുപടി നൽകിയിരുന്നു. ആ നയത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ പ്രവർത്തിക്കുന്നത്. കെ.എസ്.ഇ.ബി.എൽ-ന് ദോഷകരമാകാത്തതും വ്യവസായാന്തരീക്ഷത്തിന് ഗുണമാകുന്നതുമായ തീരുമാനമെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്ന ഒൻപത് വർഷത്തിനിടയിൽ ഏതെങ്കിലും പുതിയ ജലവൈദ്യുത പദ്ധതികളാരംഭിച്ച് പൂർത്തീകരിച്ചിട്ടുണ്ടോ; മുൻ

സർക്കാരുകളുടെ കാലത്ത് നിർമ്മാണം ആരംഭിച്ച പദ്ധതികളിൽ ഏതെങ്കിലും ഈ കാലയളവിൽ പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ടോ; എങ്കിൽ അവയുടെ ഓരോ പദ്ധതിയുടെയും സ്ഥാപിതശേഷി എത്രയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതൊരു വിശദമായ ചോദ്യമാണ്. അത്തരം കാര്യങ്ങൾ ഇപ്പോൾ പരിശോധിച്ചിട്ടില്ല. കണക്കുകളുൾപ്പെടെയുള്ള വിവരങ്ങൾ പരിശോധിച്ചതിനുശേഷം അറിയിക്കുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം ക്രമാതീതമായി വർധിക്കുന്ന സാഹചര്യമാണുള്ളത്. ചൂടിന്റെ കാഠിന്യത്താൽ ഇടത്തരം കുടുംബങ്ങളിൽപോലും ഇപ്പോൾ എ.സി. ഉപയോഗിച്ചുവരികയാണ്. കാസർഗോഡ് ജില്ലയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-ക്ക് എം.എൽ.എ. ചെയർമാനായൊരു കമ്മിറ്റിയുണ്ട്. സാധാരണക്കാരന്റെ പ്രാദേശികാവശ്യങ്ങളുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ തവണ യോഗം വിളിച്ചിട്ടുള്ളൊരു എം.എൽ.എ.യാണ് ഞാൻ. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്തെ അനന്തപുരം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉൾപ്പെടെയുള്ള

ഇൻഡസ്ട്രിയൽ മേഖലയിൽ വളരെയധികം പ്രതിസന്ധി നേരിടുന്നുണ്ട്. അവിടെ സബ് സ്റ്റേഷനുകളും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്ന വിഷയത്തിന്മേൽ നിലവിൽ ടെൻഡറെടുക്കാൻ ആളില്ലെന്നും ഉത്തരേന്ത്യയിൽനിന്ന് ആളുകൾ വന്നാൽ മാത്രമേ ടെൻഡർ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നുമാണ് മന്ത്രി മറുപടി പറഞ്ഞിരുന്നത്. കാസർഗോഡ് ജില്ലയിലെ ട്രാൻസ്ഫോർമറിന്റെയും സബ്സ്റ്റേഷന്റെയും നിർമ്മാണപുരോഗതിയെക്കുറിച്ച് വിശദമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിന്റെ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്തുന്നത് എം.എൽ.എ. അധ്യക്ഷനായ ഒരു സമിതിയാണ്. ആ സമിതിയുടെ അവസാന പരിശോധനയുടെ അടിസ്ഥാനത്തിൽ കിട്ടുന്ന റിപ്പോർട്ടാണ് ഗവൺമെന്റിന്റെ കൈവശമുള്ളത്. അവിടെനിന്നും ലഭ്യമായ വിവരമനുസരിച്ച് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും വേനൽക്കാലത്ത് പ്രതിസന്ധിയുണ്ടാകില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ശ്രീ. നജീബ് കാന്തപുരം: സർ, ഏറ്റവും കൂടുതൽ വൈദ്യുതി ഉപഭോക്താക്കളുള്ള ഒരു ജില്ലയാണ് മലപ്പുറം. 'മലപ്പുറം പാക്കേജ്' എന്ന

പേരിൽത്തന്നെ ജില്ലയിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി വലിയതോതിലുള്ള പ്രചാരണങ്ങൾ നടന്നിരുന്നു. 'ദ്യുതി സ്പെഷ്യൽ' എന്ന പേരിൽ സംഘടിപ്പിച്ച പ്രോജക്ടിന്റെ ഭാഗമായി ധാരാളം സ്ഥലങ്ങളിലേയ്ക്ക് ലൈൻ വലിക്കുന്നതുൾപ്പെടെ വൈദ്യുതി വിതരണത്തിനുള്ള സംവിധാനങ്ങൾ പ്രഖ്യാപിച്ചിരുന്നെങ്കിലും ഇതുവരെയും കോൺട്രാക്ടർമാർ ടെൻഡർ എടുക്കുന്നതിനായി മുന്നോട്ടുവന്നില്ല. ജി.എസ്.ടി. ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ നിലവിൽ വന്നതോടുകൂടി കോൺട്രാക്ടർമാർക്ക് ടെൻഡർ ഏറ്റെടുക്കാൻ സാധിക്കാത്ത വിധത്തിലേയ്ക്ക് സാമ്പത്തിക ബാധ്യത വരുമെന്നതാണ് ഇതിന്റെ പ്രധാന കാരണം. ഇത് പരിഹരിക്കുന്നതിന് നിരവധി ചർച്ചകൾ നടന്നിട്ടുണ്ട്. ഇതിന്റെ നിലവിലെ സ്ഥിതിയെന്താണ്; ടി പദ്ധതിയുമായി മുന്നോട്ടുപോകാൻ സർക്കാരിന് സാധിക്കുമോ; വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മലപ്പുറം, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ വൈദ്യുതി പ്രസരണ-വിതരണ മേഖലയിൽ സമഗ്രമായ വികസനം ആവശ്യമാണ്. ഇത് ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. 1,023 കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം

ഇവിടെ സൂചിപ്പിച്ചതുപോലെതന്നെ, ടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ദൗർഭാഗ്യവശാൽ ടെൻഡർ ഏറ്റെടുക്കാൻ കഴിവുള്ള കരാറുകാർ ഇതുവരെ മുന്നോട്ടുവരാത്തത് വലിയൊരു തടസ്സംതന്നെയാണ്. പക്ഷേ കരാറുകാരെ മറ്റ് തരത്തിൽ സ്വാധീനിച്ച് ടെൻഡർ ഏറ്റെടുക്കാൻ നിർബന്ധം ചെലുത്തുന്നതിലുള്ള പരിമിതിയെക്കുറിച്ച് അങ്ങേയ്ക്ക് നന്നായറിയാം. അങ്ങുകൂടി ഇടപെട്ട് യോഗ്യരായ കരാറുകാരെ കണ്ടെത്താൻ കഴിഞ്ഞാൽ പദ്ധതിയുടെ പ്രവർത്തനം വളരെ വേഗത്തിൽ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, വളരെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി നേരിടുന്നൊരു ജില്ലയാണ് കാസർഗോഡ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനാണ് ഉഡുപ്പി-കരിന്തളം പവർ ലൈൻ ഉടൻതന്നെ പൂർത്തീകരിക്കണമെന്ന തീരുമാനമെടുത്തത്. അതുമായി ബന്ധപ്പെട്ട് ഭൂമി നഷ്ടപ്പെടുന്ന, കാസർഗോഡ് ജില്ലയിലെ ഭൂവുടമകളുടെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെയും എം.എൽ.എ.-മാരുടെയും സാന്നിധ്യത്തിൽ കർഷക പ്രതിനിധികളുമായി ചർച്ച ചെയ്ത് പരിഹരിച്ചിരുന്നു. ഇത്തരത്തിൽ പരിഹരിച്ച പ്രശ്നങ്ങളിൽ എന്ത് തുടർനടപടി സ്വീകരിച്ചു; കർഷകർക്ക്

നൽകേണ്ട നഷ്ടപരിഹാരം നൽകിയോ; പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നഷ്ടപരിഹാരമുൾപ്പെടെയുള്ള കാര്യത്തിൽ വളരെ താൽപര്യത്തോടുകൂടിയുള്ള പ്രവർത്തനമാണ് നിലവിൽ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, പലപ്പോഴും ബഹുമാനപ്പെട്ട മന്ത്രി തന്നെ ചർച്ചകൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഇനിയും ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, വൈദ്യുതി ഉപയോഗം കൂടുമ്പോഴും പവർകട്ടില്ലാത്തതും സമ്പൂർണ്ണമായി വൈദ്യുതവൽകരിക്കപ്പെട്ട സംസ്ഥാനമാക്കി നമ്മുടെ കേരളത്തെ മാറ്റിയ എൽ.ഡി.എഫ്. സർക്കാരിനെയും വൈദ്യുതി വകുപ്പിനെയും ഞാൻ അഭിനന്ദിക്കുന്നു. എന്റെ നിയമസഭാ മണ്ഡലത്തിലെ പറമ്പിക്കുളം മേഖലയിൽ പതിമൂന്ന് ആദിവാസി സങ്കേതങ്ങളുണ്ട്. പൂപ്പാറ, കുരിയാർകുറ്റി, മുപ്പതേക്കർ, അല്ലിമൂപ്പൻ കോളനി, പെരിയചോല ഉൾപ്പെടെയുള്ള സങ്കേതങ്ങളിൽ മിന്നാമിനുങ്ങിന്റെ

വെളിച്ചംപോലും കിട്ടാത്ത സോളാർ വൈദ്യുതിയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. അവിടങ്ങളിലേയ്ക്ക് ആവശ്യമായ വൈദ്യുതി എത്തിക്കുന്നത് സംബന്ധിച്ച് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയും വൈദ്യുതി വകുപ്പുമന്ത്രിയും സംയുക്തമായി മീറ്റിംഗ് നടത്തിയിരുന്നു. ഈ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം മൂന്നുനാല് കാര്യങ്ങളാണ് ഉന്നയിച്ചത്. ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അദ്ദേഹംതന്നെ ഇവിടെ സൂചിപ്പിച്ചതുപോലെ, രണ്ട് വകുപ്പുമന്ത്രിമാരും സംയുക്തമായി ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഇത്തരം ഇടപെടലുകൾക്ക് ഫലപ്രാപ്തിയുണ്ടാകുമെന്നാണ് കരുതുന്നത്. പവർകട്ടും ലോഡ്ഷെഡിങ്ങുമില്ലാത്ത ഒരു സംസ്ഥാനമായി നമ്മുടെ കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ ഗവൺമെന്റിന് ഇതുവരെയും കഴിഞ്ഞിട്ടുണ്ട്. ഇനിയും അത്തരത്തിൽ മുന്നോട്ടുപോകുന്ന കാര്യത്തിൽ

ഊർജിതമായ പരിശ്രമങ്ങളും തീരുമാനങ്ങളും നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഉറപ്പ് നൽകാൻ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുന്നു.

## സംസ്ഥാന ധനകാര്യ മാനേജ്മെന്റ്

3(*333) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യവും സംസ്ഥാനവും നേരിട്ട എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് കേരളം സാമ്പത്തിക സുസ്ഥിരത കൈവരിക്കാനിടയായ സാമ്പത്തിക മാനേജ്മെന്റ് വൈദഗ്ധ്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ കടബാധ്യത കുറച്ചുകൊണ്ടുവരുന്നതിനും പ്രതിശീർഷ വരുമാനം വർധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ

കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിനുകീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയത് എന്നീ കാരണങ്ങളാൽ സംസ്ഥാനത്ത് പണഞെരുക്കം അനുഭവപ്പെടുന്നുണ്ട് എന്നതൊരു വസ്തുതയാണ്.

പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് 3.88 ശതമാനമായിരുന്ന സംസ്ഥാന വിഹിതം (കേന്ദ്ര നികുതി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവായപ്പോഴേക്കും 1.92 ശതമാനമെന്ന ചരിത്രത്തിലെതന്നെ ഏറ്റവും കുറഞ്ഞ ശതമാനത്തിലേയ്ക്കെത്തിച്ചേർന്നു. ഇതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതവും ഗണ്യമായി കുറഞ്ഞുവരുന്നു. 2021-22 ൽ ആകെ റവന്യൂ വരുമാനത്തിന്റെ 41% ആയിരുന്ന കേന്ദ്ര ധനകൈമാറ്റം 2024-25 RE പ്രകാരം 25%-ലേയ്ക്ക്

കൂപ്പുകുത്തുന്ന സ്ഥിതിയാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ 2020-21 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മാത്രം 28,848 കോടി രൂപയുടെ കുറവ് വരുത്തിയിരുന്നു.

പ്രതിപാദിത പ്രതികൂല സാഹചര്യത്തിൽ നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ഈ സർക്കാരിന്റെ കാലത്ത് (2021-22 മുതൽ 2024-25 വരെ) നികുതി വരുമാന വളർച്ച 15.8% ആയും നികുതിയേതര വരുമാനത്തിന്റേത് 17.4% ആയും ഉയർത്താൻ സാധിച്ചിട്ടുണ്ട്. നീതി ആയോഗ് പ്രസിദ്ധീകരിച്ച Fiscal Health Index 2025-ൽ റവന്യൂ സമാഹരണത്തിലെ സംസ്ഥാനത്തിന്റെ നേട്ടത്തെ പ്രകീർത്തിച്ചിട്ടുണ്ട്.

വരുമാനം ഉയർത്തുന്നതിനോടൊപ്പം സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉൽപാദനക്ഷമതയും ഉയർത്തുകയും

അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായി പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുന്നുണ്ട്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങളേർപ്പെടുത്തി നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുമാത്രമേ സംസ്ഥാനങ്ങൾക്ക് വായ്പയെടുക്കാൻ സാധിക്കുകയുള്ളൂ. ഇതോടൊപ്പം വിവിധ കാരണങ്ങൾ നിരത്തി സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിപോലും വെട്ടിച്ചുരുക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ കഴിഞ്ഞ കുറച്ച് കാലങ്ങളായി അനുവർത്തിച്ചുപോരുന്നത്.

മനുഷ്യ വിഭവശേഷി വർധിപ്പിച്ചും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും വികസനത്തിന്റെ ഗുണഫലങ്ങൾ ഏറ്റവും താഴെത്തട്ടിലുള്ള ജനങ്ങൾക്കും പ്രാപ്യമാക്കുന്ന

ബഹുതലസ്പർശിയായ വികസന പന്ഥാവിലൂടെ ഒരു നവകേരളം കെട്ടിപ്പടുക്കുവാനാണ് സംസ്ഥാനം ശ്രമിച്ചുപോരുന്നത്. പശ്ചാത്തല മേഖലയിലെ പോരായ്മ നിമിത്തം മനുഷ്യവിഭവശേഷിയെ ആഭ്യന്തര ഉൽപാദനത്തിലേയ്ക്ക് പരിവർത്തിപ്പിക്കുവാൻ സാധിക്കാതിരുന്ന സാഹചര്യമുണ്ടായിരുന്നു. കഴിഞ്ഞ സർക്കാർ നടത്തിയ തീവ്ര പ്രയത്നം ടി പ്രശ്നം പരിഹരിക്കുവാൻ സഹായിച്ചിട്ടുണ്ട്.

ദേശീയ പാതകൾ മുതൽ ഗ്രാമീണ പാതകൾ വരെയുള്ള റോഡുശൃംഖല, ഗെയിൽ പൈപ്പ് ലൈൻ, അന്തർസംസ്ഥാന വൈദ്യുതി പ്രസരണ സംവിധാനം, കെ-ഫോൺ ഉൾപ്പെടെയുള്ള വിവരസാങ്കേതിക രംഗത്തെ പശ്ചാത്തല സൗകര്യങ്ങൾ, കൊച്ചി മെട്രോ, വാട്ടർ മെട്രോ, ദേശീയ ജലപാത, വിഴിഞ്ഞം തുറമുഖം, വിമാനത്താവളങ്ങളുടെ വികസനം, കൊച്ചി കപ്പൽശാലയുടെയും തുറമുഖത്തിന്റെയും പുരോഗതി എന്നിവ സംസ്ഥാനം കൈവരിച്ച അടിസ്ഥാന സൗകര്യ മേഖലയിലെ വളർച്ചയുടെ അത്ഭുതപൂർവ്വമായ അടയാളപ്പെടുത്തലുകളാണ്. ഇതിന്റെ തുടർച്ച സംബന്ധിച്ച് വിശദമായി 2025-26 ബജറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദാന്തരീക്ഷം

മെച്ചപ്പെടുത്തുന്നതിനായി സർക്കാർ വിവിധ മേഖലകളിൽ നയം രൂപീകരിച്ചിട്ടുണ്ട്. ഇത് നിക്ഷേപകരിൽ ആത്മവിശ്വാസം ജനിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്. 2025 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന Invest Kerala Global Submit-ൽ വാഗ്ദാനം ലഭിച്ചിട്ടുള്ള നിക്ഷേപങ്ങൾ ഇതിന് അടിവരയിടുന്നു.

നൈപുണ്യ വികസനത്തിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിനും അഭിരുചിക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുവാൻ ആവശ്യമായ നടപടികളാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്.

വിവിധ വികസന പ്രവൃത്തികളോടൊപ്പംതന്നെ ക്ഷേമ പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുവാനാണ് നിലവിലെ പണ ഞെരുക്കത്തിനിടയിലും സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതിൽ എടുത്തുപറയേണ്ടതാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം. ഈ സർക്കാർ 5 വർഷം പൂർത്തിയാക്കുമ്പോൾ ചുരുങ്ങിയത് 50,000 കോടി രൂപയിലധികം തുക ഈ ഇനത്തിൽ വിതരണം ചെയ്യുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. മാത്യു ടി. തോമസ്: സർ, ധനകാര്യ ഫെഡറലിസം എന്ന മഹത്തായ ആശയം സമ്പൂർണ്ണമായി തമസ്കരിക്കുന്ന നിലപാടുകളും നയങ്ങളും കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ അർഹമായ കേന്ദ്ര വിഹിതം ആവശ്യപ്പെട്ടും കടമെടുപ്പ് പരിധി സംബന്ധിച്ചും കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസിന്റെ ഫലമായി സംസ്ഥാനത്തിന് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിച്ചത്; ഇനി എന്തെല്ലാം പ്രതീക്ഷിക്കുന്നു; വ്യക്തമാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേരളം ഫയൽ ചെയ്ത കേസിന്റെ ആദ്യഘട്ട ഹിയറിങ് കഴിഞ്ഞ് കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ചിന് റഫർ ചെയ്തിരിക്കുകയാണ്. കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ച് ഇപ്പോൾ അത് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ട്; കേസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ തുടരുന്നതേയുള്ളൂ. ശരിയായതും ന്യായമായതും നിയമപരമായതുമായ കാര്യങ്ങളാണ് സംസ്ഥാനം ഉന്നയിക്കുന്നതെന്ന് രാജ്യത്താകെ ചർച്ചയായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളും ഫിസ്കൽ ഫെഡറലിസവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ കാര്യമായി ഇടപെടുന്നതിനും, ഏറ്റവും ഒടുവിലത്തെ മാർഗമാണ് കോടതിയെ

സമീപിക്കുന്നതെങ്കിലും അതിനും നിർബന്ധിതമായ അവസ്ഥയുണ്ടായി. അതുകൊണ്ട് കേരള സർക്കാർ കാര്യങ്ങൾ ഉന്നയിച്ചിട്ടുള്ളത് രാഷ്ട്രീയ പ്രചരണത്തിനുവേണ്ടിയല്ലെന്നും കേരളത്തിലെ ജനങ്ങളുടെ യഥാർത്ഥ പ്രശ്നം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ഭരണഘടനാപരമായിത്തന്നെയാണ് ഉന്നയിക്കുന്നതെന്നും വ്യക്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്തായാലും ഇക്കാര്യങ്ങൾ പരിഗണിച്ച് കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തിൽ മാറ്റം വരുത്തുമെന്ന് പ്രതീക്ഷിക്കാം. ബഹുമാനപ്പെട്ട സുപ്രീംകോടതി കേസ് ലിസ്റ്റ് ചെയ്തശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, കേരളത്തിൽ ശമ്പളവും പെൻഷനും ഉൾപ്പെടെയുള്ള ചെലവ് ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. വാറ്റിൽനിന്ന് ജി.എസ്.ടി.-യിലേയ്ക്ക് മാറിയപ്പോൾ നമ്മുടെ വരുമാനം ഇടിയുന്ന സാഹചര്യമുണ്ടായി. ജി.എസ്.ടി.-യിലെ വരുമാനത്തിൽ എന്തെങ്കിലും വർധനവ് ഉണ്ടാക്കിയെടുക്കാൻ ഈ കാലഘട്ടത്തിൽ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ജി.എസ്.ടി. വരുമാനത്തിന്റെ കാര്യത്തിൽ നാം ആദ്യംമുതൽ തന്നെ പറയുന്ന ഒരു ആശങ്കയുണ്ട്. നേരത്തെ

പ്രതിവർഷം 14 ശതമാനം വീതം ടാക്സ് വർധിച്ചുകൊണ്ടിരുന്നതാണ്. ജി.എസ്.ടി. സമ്പ്രദായം വരുന്നതിനുമുമ്പുള്ള പഴയ സമ്പ്രദായത്തിൽ റവന്യൂ ന്യൂട്രൽ റേറ്റ് 15-16 ശതമാനമായിരുന്നു. അതായത്, ആകെ നൂറ് രൂപയുടെ കച്ചവടമുണ്ടെങ്കിൽ 15.5 രൂപ ടാക്സുണ്ടായിരുന്നു. 14 ശതമാനം വർധനവുണ്ടാകുന്നില്ലെങ്കിൽ ആദ്യത്തെ അഞ്ച് വർഷക്കാലം അതുകൂടി തികച്ചുതരുന്നതിനാണ് കോമ്പൻസേഷൻ സമ്പ്രദായം ഏർപ്പെടുത്തിയത്. ഈയിനത്തിൽ വർഷംതോറും 12,000-13,000 കോടി രൂപ വീതം കിട്ടിക്കൊണ്ടിരുന്നതാണ്. ഇത് അഞ്ച് വർഷം മാത്രമേ ലഭിച്ചുള്ളൂ, 2022-ൽ അത് അവസാനിച്ചു. ഈ കുറവ് നിലവിൽ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, റവന്യൂ ന്യൂട്രൽ റേറ്റ് 15.5 ശതമാനമുണ്ടായിരുന്നത് നിലവിൽ 11 ശതമാനത്തിൽ താഴെയായി. ധാരാളം ലക്ഷ്വറി ഇനങ്ങൾക്ക് ടാക്സ് കുറച്ചു. ജി.എസ്.ടി. കൗൺസിലായതിനാൽ സംസ്ഥാനങ്ങൾക്ക് ഒറ്റയ്ക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഒരുവശത്ത്, റവന്യൂ ന്യൂട്രൽ റേറ്റ് കുറയ്ക്കുന്ന തരത്തിലേയ്ക്ക് ആർബിട്രറിയായി ടാക്സുകൾ കുറച്ചു. മറുവശത്ത്, വളർച്ചയുണ്ടാകുമെന്ന് അഷ്വർ ചെയ്തത്, ഈ സർക്കാരിന്റെ ആദ്യവർഷം കഴിഞ്ഞപ്പോൾ മുതൽ, പ്രതിവർഷം 14 ശതമാനം വീതം വർധനവുണ്ടെങ്കിൽ 12000-14000 കോടി

രൂപ അധികം വരേണ്ടതാണ്. അതും കിട്ടുന്നില്ല. യഥാർത്ഥത്തിൽ അതിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ജി.എസ്.ടി. സമ്പ്രദായത്തിന്റെ ഈ പൊള്ളത്തരങ്ങളും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. നാം നേരിടുന്ന ഈ പ്രശ്നം മറ്റ് സംസ്ഥാനങ്ങളും ഉന്നയിക്കുന്നുണ്ട്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ വലിയ തോതിലുള്ള വിമർശനങ്ങൾ ഏറ്റുവാങ്ങിയ വ്യക്തിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം സർക്കാരിന്റെ സാമ്പത്തിക സുസ്ഥിരത കൈവരിക്കാൻ സ്വകാര്യ സഹകരണ മേഖലകളിൽ കൂടുതൽ നിക്ഷേപത്തിന് അവസരം നൽകുമോ; കുട്ടനാടിന് ഒരു പ്രത്യേക പാക്കേജ് അനുവദിച്ച് സഹായിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, സർക്കാരിന്റെ പ്രത്യേക പ്രാധാന്യമുള്ള മേഖലയിൽ കൂടുതൽ നിക്ഷേപം നടത്താൻ കഴിവുള്ളവർ മുന്നോട്ടുവരണം. അതുകൊണ്ടുതന്നെ കേരളത്തിന്റെ വികസന പരിപ്രേക്ഷ്യത്തിൽ, 1957-ലെ ഒന്നാം ഗവൺമെന്റിന്റെ കാലം മുതൽ

സ്വകാര്യമേഖലയ്ക്ക് പ്രധാന്യം നൽകുന്നുണ്ട്. അത് നല്ലതുപോലെ മുന്നോട്ടുപോകണം. പ്രവാസികൾക്കുൾപ്പെടെ ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയും. വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം തുടങ്ങിയ മേഖലകളിൽ പ്രത്യേക പ്രയോറിറ്റി അനുസരിച്ച് കാര്യങ്ങൾ ചെയ്യണം. വിഴിഞ്ഞം, കൊല്ലം, പുനലൂർ ട്രയാങ്കിൾ സംബന്ധിച്ച് ഇവിടെ നേരത്തെ ഒരു ചോദ്യമുണ്ടായിരുന്നു. അതിൽ ധാരാളം സ്വകാര്യനിക്ഷേപവും ലാൻഡ് പൂളിംഗും പി.പി.പി. (പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ്) മോഡലും ഉൾപ്പെടെയുള്ള കാര്യങ്ങളാണ് പ്ലാൻ ചെയ്യുന്നത്. എറണാകുളത്തുനിന്ന് കോയമ്പത്തൂർ വഴി ബംഗളൂരുവിലേയ്ക്കും കോഴിക്കോടുനിന്ന് മംഗലാപുരത്തേയ്ക്കും കോറിഡോറുകളുണ്ട്. എല്ലാ സ്ഥലത്തും സ്വകാര്യ നിക്ഷേപത്തിന് പ്രത്യേക പ്രയോറിറ്റി കൊടുക്കുന്നുണ്ട്. ടൂറിസത്തിന്റെ കാര്യത്തിൽ ഇത്തവണത്തെ ബജറ്റിൽ അൻപത് കോടി രൂപവരെ പലിശ സബ്സിഡിയോടുകൂടി ഹോട്ടൽ പ്രോജക്ടിന് കൊടുക്കുന്നതിന് കെ.എഫ്.സി. (കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ) ഉൾപ്പെടെ തീരുമാനിച്ചിരിക്കുകയാണ്. സർക്കാരിന്റെ നേതൃത്വത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും ടൂറിസം മേഖലയിൽ

ചെയ്യുന്നതുപോലെ വളരെ വേഗത്തിൽ കാര്യങ്ങൾ ചെയ്യേണ്ടതാണ്. ടൂറിസം മേഖലയിൽ ഇലക്ട്രിസിറ്റി ചാർജ് കൂടുതലാണെങ്കിലും അതിൽ ഇടപെടുന്നില്ല. വ്യവസായങ്ങൾ ആരംഭിക്കുന്നതിനും മറ്റുമുള്ള കണ്ടീഷൻസിൽ വ്യവസായത്തിന് സ്റ്റാറ്റസ് നൽകുമെന്ന് ഇവിടെ പറഞ്ഞതാണ്. ഇതെല്ലാം കേരളത്തിലുള്ളവർക്ക് സ്വകാര്യ മേഖലയിലെ നിക്ഷേപങ്ങൾ വർധിപ്പിക്കുന്നതിനും കൂടുതൽ ജോലി സാധ്യതകൾ ഉണ്ടാകുന്നതിനുമുള്ള കാഴ്ചപ്പാടുകളുടെ ഭാഗമാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, 'മനുഷ്യവിഭവശേഷി വർധിപ്പിച്ചും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും വികസനത്തിന്റെ ഗുണഫലങ്ങൾ ഏറ്റവും താഴെത്തട്ടിലുള്ള ജനങ്ങൾക്കും പ്രാപ്യമാക്കുന്ന ബഹുതലസ്പർശിയായ വികസന പന്ഥാവിലൂടെ ഒരു നവകേരളം കെട്ടിപ്പടുക്കാനാണ് സംസ്ഥാനം ശ്രമിച്ചുപോരുന്നത്' എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ ഉത്തരം. കേരളത്തിന്റെ ഏറ്റവും വലിയ സാമ്പത്തിക സ്രോതസ്സായ മനുഷ്യ വിഭവശേഷി ഇന്ന് വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കപ്പെടുകയാണ്. മനുഷ്യവിഭവശേഷി സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താൻ എന്തൊക്കെ നടപടികളാണ്

സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ പ്രധാനപ്പെട്ടതും കേരളത്തിന്റെ ഭാവിയെ സംബന്ധിച്ച് നിർണ്ണായകവുമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. മനുഷ്യവിഭവശേഷിയുടെ കാര്യത്തിൽ കേരളത്തിലെ ആളുകൾ തൊഴിലന്വേഷിച്ച് പുറത്തേയ്ക്ക് പോകുന്നു എന്നത് മാത്രമല്ല, കഴിഞ്ഞ ദിവസം ഇവിടെ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി അൺ എയ്ഡഡ് ഉൾപ്പെടെ ഒന്നാം ക്ലാസ്സിൽ ചേർന്ന കുട്ടികളുടെ കണക്ക് 298000 ആണെന്ന് പറഞ്ഞപ്പോൾ കേരളത്തിന്റെ ജനസംഖ്യയിലുണ്ടായ കുറവ് വ്യക്തമായി. നേരത്തെ ആ സ്ഥാനത്ത് ആറ് ലക്ഷം കുട്ടികളാണുണ്ടായിരുന്നത്. വികസിത രാജ്യങ്ങളിലെല്ലാം ജനസംഖ്യയിൽ കുറവ് വരും. അതുപോലെ കേരളത്തിലെ ജനസംഖ്യയിലും കുറവുണ്ടാകും. കേരളത്തിലെ ചെറുപ്പക്കാർ വിദേശത്തേയ്ക്ക് പഠിക്കാൻ പോകുന്നതിനെക്കുറിച്ച് നമ്മൾ ഇവിടെ നേരത്തെ ചർച്ച ചെയ്തിട്ടുണ്ട്. പഠിക്കാൻവേണ്ടി മാത്രമല്ല, തൊഴിലിനായും ആളുകൾ വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നുണ്ട്. വിദേശരാജ്യങ്ങളിൽ, പ്രത്യേകിച്ച് യൂറോപ്പ്, കാനഡ, ഓസ്ട്രേലിയ, അമേരിക്ക എന്നിവിടങ്ങളിൽ വളരെ ചെലവ്

കുറഞ്ഞ ജോലിക്ക് ആളുകളെ ആവശ്യമുണ്ട്. ടെക്നോളജി വളരെയേറെ വികസിച്ച ഇന്നത്തെ കാലഘട്ടത്തിൽ ലോകത്ത് ഏത് ജോലിയും ഇവിടെനിന്ന് ചെയ്യാൻ കഴിയുന്ന സാഹചര്യം നമുക്കുണ്ട് എന്ന് വ്യക്തമാക്കുക എന്നുള്ളതാണ് ഇന്ത്യയുടെ, പ്രത്യേകിച്ച് കേരളത്തിന്റെ ആവശ്യകത. അത് പൊതുവിൽ കേരളത്തിന്റെ ആകെ പ്രശ്നമാണ്. അതുകൊണ്ട് ഏത് ആധുനിക ജോലിയും ചെയ്യാൻ സാധിക്കുന്ന തരത്തിലേക്ക് കേരളത്തിന്റെ അന്തരീക്ഷത്തെ മാറ്റിയെടുക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കണം. അതിനുള്ള ശ്രമങ്ങളാണ് സർക്കാർ ചെയ്യുന്നത്. സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാതെ ഏത് കാര്യം ചെയ്തിട്ടും കാര്യമില്ല. അതുകൊണ്ടാണ് സാമൂഹ്യക്ഷേമ പെൻഷൻ, കാരുണ്യ ചികിത്സാ പദ്ധതി, അതിദരിദ്രരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്ന കാര്യം, എല്ലാവർക്കും വീട് എന്നിവയ്ക്ക് പ്രയോരിറ്റി കൊടുത്തുകൊണ്ട് ആധുനിക തൊഴിലും മനുഷ്യവിഭവശേഷിയും ഇവിടെ നിലനിർത്തുന്നതിനുള്ള കാര്യങ്ങൾ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, വിവിധ കാരണങ്ങളാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കാൻ വളരെ ശക്തമായ ഇടപെടൽ

നടത്തിയ ബഹുമാന്യനായ ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, നികുതി പരിഷ്കരിക്കുമ്പോൾ കൂടുതൽ സമ്പത്തുള്ളവരിൽനിന്നും കൂടുതൽ നികുതി പിരിക്കുന്നതിനും ദുർബലർക്കും അതിദാരിദ്ര്യത്തിൽ കഴിയുന്നവർക്കും, പ്രത്യേകിച്ച് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗങ്ങൾക്ക് നികുതിയിളവ് നൽകി നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ സർക്കാരിന്റെ നയംതന്നെ അതാണ്. സാധാരണക്കാരുടെ ജീവിതത്തിന് കൈത്താങ്ങാകുക എന്ന സമീപനംതന്നെയാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ ധനകാര്യ വിഷയങ്ങളിൽ വന്ന മാറ്റവും മുന്നേറ്റവും ഇതിന് നമ്മെ സഹായിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് നാല് വർഷക്കാലത്തെയും അതിന് മുമ്പുള്ള അഞ്ച് വർഷക്കാലത്തെയും കണക്കുകൾ പരിശോധിച്ചാൽ, പ്രളയം, കോവിഡ് എന്നിവയുടെ പരിമിതിയുണ്ടായിരുന്ന കാലമായിരുന്നു കഴിഞ്ഞ അഞ്ച് വർഷക്കാലം. അന്ന് GSDP(Gross State Domestic Product)-യുടെ അഞ്ച് ശതമാനം

വരെ ഒരു ഘട്ടത്തിൽ ലോണെടുക്കാൻ അവസരം ലഭിച്ചിരുന്നു, നാലര ശതമാനം നമ്മൾ എടുത്തിരുന്നു. ആ സമയത്ത് 1,16,000 കോടി രൂപയാണ് ഒരു വർഷം ശരാശരി സർക്കാർ ചെലവാക്കിയത്. ഈ സർക്കാർ വന്നതിനുശേഷം അത് 1,65,000-1,66,000 കോടി രൂപയിലേക്ക് എത്തി. സന്തോഷകരമായ ഒരു കാര്യം, ബജറ്റ് പ്രസംഗം തുടങ്ങിക്കൊണ്ട് ഞാൻ പറഞ്ഞ ഒരു കാര്യം, ഈ ഗവൺമെന്റും കേരളവും ഒരു ടേക്ക് ഓഫിലാണ്. കാരണം നേരത്തെ പറഞ്ഞ ബുദ്ധിമുട്ടുകളുണ്ടായിരുന്ന കാലത്ത് 1,60,000 കോടി രൂപ മാത്രമേ മൂന്ന് വർഷവും ചെലവഴിക്കാൻ നമുക്ക് കഴിഞ്ഞുള്ളൂ. പക്ഷെ ഈ വർഷം കണക്കുകൾ ഫൈനലാകുമ്പോൾ 1,78,000 കോടി രൂപ ചെലവഴിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നുമാത്രമല്ല, അടുത്ത സാമ്പത്തിക വർഷം 2,01,000 കോടിയെങ്കിലും ആകുന്ന തരത്തിൽ, two trillion എന്ന നിലയിലേക്ക് നമ്മുടെ ബജറ്റ് എസ്റ്റിമേറ്റ് പോകുകയാണ്. അത് കേരളത്തിലാകെയുണ്ടാകുന്ന നമുക്കെല്ലാംകൂടിയുള്ള ഒരു നേട്ടത്തിന്റെ ഭാഗമാണ്. അതിന്റെ മഹാഭൂരിപക്ഷവും നമ്മുടെ നാട്ടിലുള്ള സാധാരണക്കാർക്കുവേണ്ടിയുള്ളതാണ്.

അതിനൊപ്പം ഒരു കാര്യംകൂടി പറയാനാഗ്രഹിക്കുകയാണ്. ഇന്ന്

ഇന്ത്യയിലെ ഏറ്റവും സമ്പന്നമായ പ്രദേശങ്ങളിലൊന്നാണ് തെലങ്കാന. രാഷ്ട്രീയപരമായും ഫെഡറലിസത്തിന്റെ കാര്യത്തിലും നാം ഒന്നിച്ചുനിൽക്കുന്നവരാണെങ്കിലും തെലങ്കാന മുഖ്യമന്ത്രി ഇന്നലെ പറഞ്ഞ ഒരു സ്റ്റേറ്റ്മെന്റ് വല്ലാതെ ഞെട്ടിക്കുന്നതായിരുന്നു. അദ്ദേഹം പറഞ്ഞത് 'സർക്കാർ ജീവനക്കാർ ഇനിമുതൽ ഒന്നാം തീയതി ശമ്പളം കിട്ടുമെന്ന് പ്രതീക്ഷിക്കരുത്, ഡി.എ തരേണ്ടതാണെങ്കിലും അത് ഡിമാന്റ് ചെയ്യരുത് എന്നാണ് സർക്കാർ ജീവനക്കാരെ വിളിച്ചുകൂട്ടി പറഞ്ഞത്. ഞാൻ ആ മുഖ്യമന്ത്രി പറഞ്ഞതിനെ വിമർശിക്കുന്നതല്ല. കേന്ദ്ര ഗവൺമെന്റിന്റെ സമീപനംമൂലമുണ്ടാകുന്ന പ്രശ്നങ്ങളാണിത്. തെലങ്കാനയിൽ മൂന്ന് കോടി എൺപത് ലക്ഷം ആളുകളുണ്ട്. നമ്മെക്കാളും ജി.എസ്.ഡി.പി. വർധനയും വരുമാനമുള്ള ആ സംസ്ഥാനം ഉൾപ്പെടെ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. ശമ്പളത്തിന്റെ ശതമാനം നമ്മെക്കാളും കുറവാണ്. സർക്കാർ-എയ്ഡഡ് മേഖലയിലാകെ 13500 സ്കൂളുകളാണ് കേരളത്തിലുള്ളതെങ്കിൽ 6500 സ്കൂളുകളാണ് തെലങ്കാനയിലുള്ളത്. പക്ഷെ ശരാശരി മെച്ചപ്പെട്ട സ്ഥലമായ തെലങ്കാനയ്ക്കുപ്പോലും.., സംസ്ഥാന സർക്കാരിന് മുന്നോട്ടുപോകാൻ സാധിക്കാത്ത തരത്തിലുള്ള

ബുദ്ധിമുട്ടാണുണ്ടായിരിക്കുന്നത്. fiscal relationship-ന്റെ പ്രശ്നമാണിത്. ഞാൻ ആ ഗവൺമെന്റിനെ താരതമ്യപ്പെടുത്തുകയല്ല, നമ്മെക്കാളും സാമ്പത്തികമായി മുമ്പിൽനിൽക്കുന്ന സംസ്ഥാനത്തിലെ മുഖ്യമന്ത്രി പറയുന്നു ശമ്പളം ഒന്നാം തീയതി തരാൻ സാധിക്കില്ല. നേരത്തെതന്നെ ഹിമാചൽ പ്രദേശിൽ ശമ്പളം ഒന്നാം തീയതി കൊടുക്കാത്ത സാഹചര്യമുണ്ട്. ഡി.എ.-യുടെ കാര്യത്തിലും പ്രശ്നങ്ങളുണ്ടാകുന്നു. ഇങ്ങനെയൊരു അവസ്ഥ ഇന്ത്യയിലുണ്ടാകുമ്പോഴാണ് കേരളം ഇതിനെയൊക്കെ നേരിട്ട്.., ഇത്രയും വലിയ വെട്ടിക്കുറവ് വരുത്തിയിട്ടുപോലും, ഏകദേശം 12,000 കോടി രൂപയല്ലേ കിഫ്ബിയുടെയും പെൻഷന്റെയും പേരിൽ ഒരു വർഷം വെട്ടിക്കുറയ്ക്കുന്നത്. നേരത്തെ ഞാൻ പറഞ്ഞു, ജി.എസ്.ടി.-യുടെ കാര്യത്തിലും വലിയ വെട്ടിക്കുറവ് വന്നു. ഇതെല്ലാം വന്നിട്ടും നമ്മൾ പിടിച്ചുനിൽക്കുന്നത് കേരളത്തിലെ എല്ലാവരെയും ഒരുമിച്ചുചേർത്ത് മുന്നോട്ടുപോകുന്നതുകൊണ്ടാണ്. ഗവൺമെന്റിന്റെ മാത്രം കാര്യമല്ല ഞാൻ പറയുന്നത്. എല്ലാവരെയും ചേർത്തുനിർത്തി എല്ലാ മേഖലയെയും വികസിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനമാണ് ഇവിടെ നടത്തുന്നത്. അതിൽ പ്രയോറിറ്റി കൊടുക്കുന്നത് സാധാരണക്കാർക്കുതന്നെയാണ്.

ചരിത്രത്തിൽ ഏറ്റവും കൂടുതൽ പണം ലൈഫ് പോലുള്ള പദ്ധതിക്കായി നീക്കിവച്ചത് ഈ ഗവൺമെന്റാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, നമ്മൾ ഈ സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിലാണ് എത്തിച്ചേർന്നിരിക്കുന്നത്. ഇനി പതിനാല് ദിവസം മാത്രമാണ് ഈ സാമ്പത്തിക വർഷം അവസാനിക്കാനുള്ളത്. നമുക്കറിയാം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി വിഹിതത്തിൽ ഏറ്റവും കൂടുതൽ ഫണ്ട് ചെലവഴിക്കുന്ന ദിവസങ്ങളാണിവ. ഇപ്പോൾതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിത ചെലവുമായി ബന്ധപ്പെട്ട ശതമാന കണക്ക് വളരെ കുറവാണ്. ഈ ദിവസങ്ങളിലാണ് അത് കൂടുതൽ ഉണ്ടാകേണ്ടത്. ഈയൊരു സന്ദർഭത്തിൽ ആവശ്യമായ പണം അവർക്ക് ലഭിക്കുക എന്നത് അത്യാവശ്യമാണ്. എന്റെ ചോദ്യം ട്രഷറിയിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം നിലവിലുണ്ടോ; എങ്കിൽ അതിന്റെ പരിധിയെത്രയാണ്; അത് ഈയൊരു അവസാന ഘട്ടത്തിലെങ്കിലും നീക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ

ചെലവ് വരുന്നത് മാർച്ച് മാസത്തിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏകദേശം 73 ശതമാനത്തോളം പേയ്മെന്റ് വന്നിട്ടുണ്ടെന്നാണ് കണക്ക്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പേയ്മെന്റിൽ കുറവ് വരില്ല, കഴിഞ്ഞ വർഷത്തെക്കാളും മെച്ചപ്പെട്ട നിലയിൽ ലഭിക്കുമെന്നാണ് കണക്കാക്കുന്നത്, അതിന് സംശയമില്ല. അതുപോലെ ട്രഷറിയിൽ പൊതുവെ 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ചെക്കുകൾക്ക് നിയന്ത്രണമുണ്ടായിരുന്നു. അത് ഒരു ഘട്ടത്തിൽ 5 ലക്ഷം രൂപ വരെ എത്തിച്ചിരുന്നു. അക്കാര്യത്തിൽ നിയന്ത്രണമുണ്ടെങ്കിലും BDS (Bill Discounting System) വഴി കൊടുക്കുന്നുണ്ട്. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാധാരണ പെയ്മെന്റുകൾക്കൊന്നും തടസ്സമുണ്ടാകില്ല എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ചെലവഴിക്കുന്ന കാര്യത്തിൽ ഈ പറഞ്ഞ ശതമാനത്തിലേക്ക് വരുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, 15-ാം ധനകാര്യ കമ്മീഷന്റെ ശിപാർശകളിൽ നടപ്പാക്കാത്തവ 16-ാം ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഒരു ശതമാനം വിഹിതത്തിൽ കുറവ്

സംഭവിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 15-ാം ധനകാര്യ കമ്മീഷൻ നമുക്ക് നൽകിയ നികുതി വിഹിതം 1.92 ശതമാനമാണ്. അതുമാത്രമല്ല, ഇന്ത്യാ ഗവൺമെന്റ് പൊതുവിൽ അംഗീകരിച്ച, അല്ലെങ്കിൽ പൊതുവിൽ ധനകാര്യ കമ്മീഷൻ പറഞ്ഞത് കേന്ദ്ര ഗവൺമെന്റിന്റെ ആകെ വരുമാനത്തിന്റെ 41 ശതമാനം സംസ്ഥാനങ്ങൾക്ക് വിഹിതമായി നൽകണമെന്നാണ്. പക്ഷെ ഫലത്തിൽ അത് 25 ശതമാനത്തിലേക്ക് താഴ്ന്നുവെന്നാണ് കണക്കുകൾ കാണിക്കുന്നത്. സെസ്സും മറ്റ് കാര്യങ്ങളുമൊക്കെ വേറെയും പിരിക്കുന്നുണ്ട്. അതുകൊണ്ട് എല്ലാ സംസ്ഥാനങ്ങളും ഇക്കാര്യങ്ങൾ പറയുന്നുണ്ട്. ധനകാര്യ കമ്മീഷന്റെ മുമ്പിൽ കേരളത്തിലെ മുഴവൻ രാഷ്ട്രീയ പാർട്ടികളുമുൾപ്പെടെ എല്ലാവരും ഒരുമിച്ചുകൊണ്ട് കേരളത്തിന്റെ പൊതുതാൽപര്യം ഉന്നയിച്ചുകൊണ്ട് ഇക്കാര്യങ്ങൾ പറഞ്ഞിരുന്നു. പക്ഷെ കേന്ദ്രത്തിന്റെ വെട്ടിക്കുറവ് ഫലത്തിൽ ഈ ധനകാര്യ കമ്മീഷന്റെ കാലത്ത് വന്നിട്ടുണ്ട്.

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഒരു സേഫ് ലാൻഡിങിന്റെ സമയത്താണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

വലിയ ടേക്ക് ഓഫിന്റെ കാര്യം പറയുന്നത്. മാത്രമല്ല, 50 ശതമാനം പ്ലാൻ കട്ടിംഗുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ധനകാര്യ വകുപ്പ് പാസ്സാക്കുന്ന പദ്ധതിയുടെ അമ്പത് ശതമാനം മാത്രമേ ചെലവാക്കുന്നുള്ളൂ. അവിടെത്തന്നെ നിയന്ത്രണവുമുണ്ട്. ആ സമയത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ട്രില്യന്റെ കണക്ക് പറയുമ്പോഴുള്ള പ്രതീക്ഷ എന്താണെന്ന് മനസ്സിലാകുന്നില്ല. എന്താണ് വരാനുള്ളത്; എന്തെങ്കിലും വരാനുണ്ടെങ്കിൽ സന്തോഷമേയുള്ളൂ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ധനകാര്യവകുപ്പിന് ഒരു പ്രശ്നമുണ്ട്, പറയുന്ന കാര്യങ്ങൾ മുഴുവൻ ബുക്കിലും കണക്കിലും അച്ചടിച്ചുവരും, പ്രസ്താവിച്ചൊന്നും പോകാൻ കഴിയില്ല. ഓരോ വർഷവും സി.&എ.ജി.-യുടെ ഓഡിറ്റ് ചെയ്തുവരുന്ന കണക്കാണല്ലോ അടുത്ത വർഷം വരുന്നത്. ഞാൻ ഇവിടെയൊരു സ്റ്റേറ്റ്മെന്റ് നടത്തിയാൽ, ഈ വർഷം 1,78,000 കോടി രൂപയുടെ ചെലവിലേക്ക് നമ്മൾ പോകും, ചിലപ്പോൾ അതിൽ 2,000-3,000 കോടി രൂപയുടെ കണക്ക് വരുമ്പോൾ സെറ്റിൽ ചെയ്യുമ്പോൾ കാണും. പക്ഷെ 1,59,000-1,60,000 കോടി രൂപ നിന്ന സ്ഥാനത്ത് 1,68,000 കോടി രൂപ ഈ വർഷത്തെ ചെലവ് പോകുമെന്നും അടുത്ത വർഷം 2,00,000

കോടിയിലധികം വരുമെന്നും പറയുമ്പോൾ അതിന് കണക്കുകളുണ്ട്, എനിക്ക് വെറുതെ bluff ചെയ്തു പോകാൻ സാധിക്കില്ല. എനിക്കെന്നല്ല, ഒരു ധനകാര്യ വകുപ്പുമന്ത്രിക്കും ധനകാര്യവകുപ്പിനും അങ്ങനെ ചെയ്യാൻ കഴിയില്ല. ഇത് ഓഡിറ്റ് ചെയ്ത കണക്കുകളാണ്. അതുകൊണ്ട് രാഷ്ട്രീയത്തിനതീതമായി ഈ പറയുന്ന കാര്യങ്ങളിൽ വസ്തുതയുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം വിശ്വസിക്കണം. ഏതായാലും ഈ കാര്യങ്ങൾ നടക്കുമെന്ന് മാത്രമല്ല, കഴിഞ്ഞ വർഷത്തെക്കാളും കുറച്ചുകൂടി മെച്ചപ്പെട്ട സ്ഥിതിയിൽതന്നെയായിരിക്കും ഈ വർഷത്തെ അക്കൗണ്ട് പൂർത്തീകരിക്കുന്നത്. ഈ വർഷം നല്ല സേഫ് ലാൻഡിങ് വന്നാൽമാത്രമേ അടുത്ത വർഷം നല്ല ടേക്ക് ഓഫ് ഉണ്ടാകൂ. ഈ വർഷം സാമ്പത്തികമായി നല്ല ലാൻഡിങ് വന്നാൽ കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്നത് തന്നെയായിരിക്കും അടുത്ത വർഷത്തെ ചെലവുകൾ.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, നല്ല ടേക്ക് ഓഫിനുവേണ്ടിയുള്ള ഒരുക്കങ്ങളിലും പ്രവർത്തനങ്ങളിലുമാണ് ധനകാര്യ വകുപ്പ് ഏർപ്പെട്ടിട്ടുള്ളത്. അധിക വരുമാനത്തിന് വകുപ്പിൽ വരുത്തുന്ന ക്രമീകരണങ്ങളെ സംബന്ധിച്ച് സഭയിൽ വ്യക്തമാക്കുന്നത് നല്ലതാണ്. അതിലേറ്റവും പ്രധാനം ജി.എസ്.ടി.

വകുപ്പിന് ആവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള വാഹനങ്ങൾ ലഭ്യമാക്കുന്നതിനും കണ്ണൂരിൽ ജി.എസ്.ടി. ഭവൻ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുത്തിട്ട് കുറച്ചുനാളായി, അവിടെ ജി.എസ്.ടി. ഭവൻ നിർമ്മിക്കുന്നതിനും ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം എന്താണ്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ടാക്സ് ജനറേറ്റ് ചെയ്യുന്ന കാര്യത്തിലെല്ലാം പ്രത്യേക പ്രയോരിറ്റി നൽകുന്നുണ്ട്. ജി.എസ്.ടി. വകുപ്പിന്റെ ആവശ്യത്തിനുവേണ്ടി ഈ വർഷംതന്നെ 37 വാഹനങ്ങൾ വാങ്ങുന്നതിന് നിലവിൽ അനുവാദം നൽകിയിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. ആവശ്യമായ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, എക്സൈസ് തുടങ്ങിയ വിവിധ വകുപ്പുകളിലെ വാഹനങ്ങളുമായി ബന്ധപ്പെട്ട് ഫൈനൽ സമയത്ത് വരുന്നതിനെല്ലാം ധനകാര്യ വകുപ്പ് അനുവാദം നൽകുന്നുണ്ട്. വാഹനങ്ങൾ വാങ്ങുന്നതിന് 100 കോടി രൂപ അധികമായി ബജറ്റിൽ വകയിരുത്തിയിരുന്നു; പതിനഞ്ച് വർഷം പഴക്കം ചെന്ന വാഹനങ്ങൾ റീപ്ലെയ്സ് ചെയ്യുന്നതിനായി ബജറ്റിൽ പ്രത്യേകം പണം വകയിരുത്തിയിട്ടുണ്ട്. എല്ലാ ടാക്സ് ജനറേറ്റിങ് വകുപ്പിനും പ്രയോരിറ്റി നൽകും. കണ്ണൂരിൽ ജി.എസ്.ടി. ഓഫീസ് നിർമ്മിക്കുന്നതിന് നേരത്തെ

തീരുമാനിച്ചതാണ്. അതിന് ചില സാങ്കേതിക തടസ്സങ്ങളുണ്ട്. അവ പരിഹരിച്ച് ജി.എസ്.ടി. ഓഫീസിന്റെ നിർമ്മാണം പൂർത്തീകരിക്കാം. ഇവിടെ പറഞ്ഞ വാഹനങ്ങളും മറ്റും വാങ്ങുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

## റവന്യൂ കമ്മിയിലെ വർധനവ്

4(*334) ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുവെന്ന് അവകാശപ്പെടുമ്പോഴും സാമ്പത്തിക അച്ചടക്കത്തിന്റെ സുപ്രധാന ധനസൂചികയായ റവന്യൂ കമ്മി - ജി.എസ്.ഡി.പി അനുപാതം 2023-24-ലെ 1.58 ശതമാനത്തിൽനിന്നും 2024-25-ൽ 2.29 ശതമാനമായി ഉയർന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ റവന്യൂ കമ്മി മുൻവർഷത്തെ അപേക്ഷിച്ച് വർധിക്കാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ സർക്കാർ

സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ&ബി) പരിശോധിച്ചിട്ടുണ്ട്. പൊതുവെ ധനകാര്യ അവസ്ഥ സംബന്ധിച്ച ചോദ്യമാണിത്. സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുവെന്ന് പറയുമ്പോഴും അതുസംബന്ധിച്ച് സംശയങ്ങളാണ് നിലനിൽക്കുന്നത്.

ബജറ്റിനോട് അനുബന്ധിച്ച് കേരള സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിക്കുന്ന അതത് വർഷങ്ങളിലെ ' സാമ്പത്തിക അവലോകനം' , ധനകാര്യ വകുപ്പ് പ്രസിദ്ധീകരിക്കുന്ന ' മീഡിയം ടേം ഫിസ്കൽ പോളിസി ആൻഡ് സ്ട്രാറ്റജി സ്റ്റേറ്റ്മെന്റ് വിത്ത് മീഡിയം ടേം ഫിസ്കൽ പ്ലാൻ ഫോർ കേരള' എന്നീ രേഖകളിൽ സംസ്ഥാനത്തിന്റെ മുൻവർഷങ്ങളിലെ ധനലക്ഷ്യങ്ങൾ അവലോകനം ചെയ്യാറുണ്ട്.

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത പല കാരണങ്ങളാലും ധന ഉത്തരവാദിത്ത ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള ധനലക്ഷ്യങ്ങൾ പൂർണ്ണമായും പാലിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല.

നോട്ട് നിരോധനം, ജി.എസ്.ടി. നടപ്പാക്കിയതിലെ പ്രശ്നങ്ങളും ഓഖി ചുഴലിക്കാറ്റും വെള്ളപ്പൊക്കവും മറ്റുപ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരി, കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന കിഫ്ബി, കെ.എസ്.എസ്.പി.എൽ. മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്ത വായ്പകളും സംസ്ഥാന സർക്കാരിന്റെ കടമായി കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ കടമെടുപ്പിൽനിന്നും വെട്ടിക്കുറവ് വരുത്തുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചത്, റവന്യൂ കമ്മി ഗ്രാന്റ് ഇല്ലാതായത്, വിവിധ രാജ്യങ്ങൾ കൈക്കൊണ്ടിട്ടുള്ള കയറ്റുമതി-ഇറക്കുമതി നയങ്ങൾ, റഷ്യ-ഉക്രെയ്ൻ യുദ്ധം, മദ്ധ്യ പൂർവ്വേഷ്യയിലെ സംഘർഷങ്ങൾ, ആഗോള ദേശീയതലത്തിൽ പ്രതിഫലിച്ച സാമ്പത്തിക തകർച്ച എന്നിവ സംസ്ഥാന സമ്പദ് വ്യവസ്ഥയേയും വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ

കഴിവിനെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സമ്പദ്‌വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ വിഹിതമാണ് സംസ്ഥാനം ഓരോ വർഷവും വകയിരുത്തിവരുന്നത്. മുൻവർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥക്ക് അകത്തുനിന്നും പുറത്തുനിന്നുമുണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്റ്റ് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ അത് സാധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ

സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ജി.എസ്.ഡി.പി.-യുടെ ശതമാനത്തിൽ യഥാക്രമം 2.60, 2.25 ശതമാനം വീതമായിരുന്നത് 2023-24 സാമ്പത്തിക വർഷത്തിൽ 1.58 ശതമാനമായി കുറച്ചുകൊണ്ടുവരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ റവന്യൂ കമ്മി ജി.എസ്.ഡി.പി.-യുടെ ശതമാനത്തിൽ ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്തതിനേക്കാൾ നേട്ടം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| **സാമ്പത്തിക വർഷം** | **ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്ത റവന്യൂ കമ്മി GSDP-യുടെ ശതമാനത്തിൽ** | **റവന്യൂ കമ്മി GSDP-യുടെ ശതമാനത്തിൽ കൈവരിച്ചത്** |
|---|---|---|
| 2022-23 | 2.30% | 0.90% |
| 2023-24 | 2.11% | 1.58% |

2024-25 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ റവന്യൂ കമ്മി ജി.എസ്.ഡി.പി.-യുടെ 2.29 ശതമാനമായിട്ടാണ് ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളതെങ്കിലും അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കും സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഓരോ വർഷവും നൽകുന്ന ജി.എസ്.ഡി.പി.-യും അനുസരിച്ച് മുൻവർഷങ്ങളിലേതുപോലെ ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളതിനേക്കാൾ നേട്ടം ഉണ്ടായേക്കാം. പ്രതിസന്ധികൾക്കിടയിലും ധന ഉത്തരവാദിത്ത ആക്റ്റിൽ

പരാമർശിക്കുന്നതും പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്നതുമായ ധനദൃഢീകരണ പാതയ്ക്കുള്ളിൽത്തന്നെ സംസ്ഥാനത്തിന്റെ ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്. ഇതുസംബന്ധിച്ച വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

| **ധനകമ്മി ജി.എസ്. ഡി.പി യുടെ ശതമാനത്തിൽ** | | |
|---|---|---|
| **സാമ്പത്തിക വർഷം** | **ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചത്** | **സംസ്ഥാനം കൈവരിച്ചത്** |
| 2021-22 | 4.5 | 4.04 |
| 2022-23 | 4.0 | 2.50 |
| 2023-24 | 3.5 | 2.99 |

അതുകൊണ്ട് ധനകാര്യ കാര്യത്തിനകത്ത് നമുക്ക് ഇക്കാര്യങ്ങൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. ഈ വർഷത്തെ കണക്കുകൾ വരുമ്പോൾ നമ്മൾ വിചാരിച്ചതിനെക്കാളും മെച്ചപ്പെട്ട തരത്തിൽ അല്ലെങ്കിൽ പറഞ്ഞ എസ്റ്റിമേറ്റിനെക്കാളും മെച്ചപ്പെട്ട തരത്തിൽതന്നെ നിയന്ത്രിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം

വർധിപ്പിച്ചുകൊണ്ടും സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ്, കേന്ദ്ര നികുതി വിഹിതം എന്നിവയിൽ കൂടിയും വിഭവ സമാഹരണം നടത്തി സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്.

സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ നികുതി-നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ കാലികമായി പരിഷ്കരിക്കുന്നതിനും പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സർക്കാർ തുടർന്നുവരികയാണ്. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനായുള്ള ഊർജിതമായ നടപടികളാണ് നടപ്പുസാമ്പത്തിക വർഷം നടപ്പാക്കിവരുന്നത്. രജിസ്ട്രേഷൻ, ലാൻഡ്, റവന്യൂ എന്നീ വകുപ്പുകൾ കൈക്കൊണ്ടിട്ടുള്ള നികുതി പരിഷ്കരണ നടപടികൾ ശക്തിപ്പെടുത്തുന്നതിനും സ്വന്തമായി വൈദ്യുതി ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും

ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നീ ഇനങ്ങളിലെ നിരക്ക് വർധനവിലൂടെയും 2024-25 സാമ്പത്തിക വർഷം ഏകദേശം 1,000 കോടി രൂപ സമാഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണ്. കാര്യക്ഷമമായ രീതിയിൽ സ്ക്രാപ്പിംഗ് നയം നടപ്പാക്കുന്നതിലൂടെ ഏകദേശം 200 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. അതോടൊപ്പം, നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരികയാണ്. സംസ്ഥാന ജി.എസ്.ടി. വകുപ്പുമായി ബന്ധപ്പെട്ട് 50,000/- രൂപയിൽ താഴെയുള്ള അരിയറുകൾ ഒഴിവാക്കിക്കൊണ്ട് 'ആംനസ്റ്റി 2024' പദ്ധതി നടപ്പാക്കുകയും പ്രസ്തുത പദ്ധതിയിലൂടെ ഖജനാവിലേയ്ക്ക് മുൻ ആംനസ്റ്റിയേക്കാൾ അധികം തുക ലഭ്യമാക്കുന്നതിനും ചെറുകിട വ്യാപാരികൾക്ക് പ്രത്യേകിച്ച് കേരളത്തിലെ വ്യാപാരസമൂഹത്തിന് പൊതുവെ കൂടുതൽ ഉണർവ് നൽകുകയും ചെയ്യുന്ന നടപടികളാണ്

സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി, 11-07-2024-ലെ മന്ത്രിസഭാ യോഗത്തിന്റെ തീരുമാനപ്രകാരം ആറ് മാസത്തിനുള്ളിൽ വർധനവ് വരുത്താത്ത നോൺ ടാക്സ് റവന്യൂ ഇനങ്ങൾ, ഫീസിനങ്ങൾ തുടങ്ങിയവ കാലാനുസൃതമായി വർധിപ്പിക്കുന്നതിന് അതത് ഭരണ വകുപ്പുകളെ ചുമതലപ്പെടുത്തിക്കൊണ്ട് 17-07-2024-ലെ സ.ഉ.(അ)നം.55/2024/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം സർക്കാരിനുവേണ്ടി വരുമാനം ആർജിക്കുന്ന വിവിധ വകുപ്പുകൾ നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനുള്ള തുടർനടപടികളുടെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ജുഡീഷ്യൽ കോടതി ഫീസുകളുടെ പരിഷ്കരണം, മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് കോൺട്രാക്ട് ക്യാരിയേജുകളുടെ നികുതി നിരക്കുകളുടെ ഏകീകരണം, ഇലക്ട്രിക് വാഹനങ്ങളുടെ നികുതി പരിഷ്കരണം, 15 വർഷം കഴിഞ്ഞ സ്വകാര്യ വാഹനങ്ങളുടെ നികുതി പരിഷ്കരണം, രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഫീസുകളുടെ

പരിഷ്കരണം, ഭൂനികുതി പരിഷ്കരണം എന്നിവയിലൂടെ 366 കോടി രൂപയുടെ അധിക വരുമാനം ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനുപുറമേ, ജി.എസ്.ടി. കുടിശ്ശിക തീർപ്പാക്കലിന് ജനറൽ ആംനസ്റ്റി 2025 പദ്ധതി, ബാർ ഹോട്ടലുകളുടെ ജി.എസ്.ടി. കുടിശ്ശിക തീർപ്പാക്കാനുള്ള ആംനസ്റ്റി പദ്ധതികളുടെ തുടർച്ചയായുള്ള ഇളവുകൾ, ഫ്ലഡ് സെസ്സ് ആംനസ്റ്റി 2025 പദ്ധതി, ഡിസ്റ്റിലറി അരിയർ സെറ്റിൽമെന്റ് സ്കീം 2025, കുടിശ്ശികയുള്ള പാട്ടവാടക ഈടാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ പ്രഖ്യാപിച്ചതിലൂടെ വരുന്ന സാമ്പത്തിക വർഷത്തിൽ സർക്കാരിലേക്കുള്ള റവന്യൂ കുടിശ്ശിക ഈടാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർധിപ്പിക്കുന്നതിനുമുള്ള നിർദേശം വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ

അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോസമയത്തും എടുക്കുന്നുമുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റിസോഴ്സ് ഗ്യാപ് ക്രമേണ കുറച്ചുകൊണ്ട് വന്ന് ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിനും വരും വർഷങ്ങളിൽ സംസ്ഥാന സമ്പദ്‌വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, മുൻസർക്കാരുകൾ പ്ലാൻ ഫണ്ടിന്റെയും ബജറ്റിന്റെയും ഭാഗമായി നടത്തിക്കൊണ്ടിരുന്ന നിർമ്മാണ പദ്ധതികളും സാമൂഹ്യ ക്ഷേമപദ്ധതികളും ഇപ്പോൾ KIIFB-യും KSSP (Kerala Sasthra Sahithya Parishad)-യും നടത്തിവരുന്ന സാഹചര്യമാണുള്ളത്. ഈ സംവിധാനങ്ങളുടെ വായ്പാ കുടിശ്ശിക നിലവിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ഇതിലും ഉയരുമെന്നത് വസ്തുതയല്ലേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ കടം മുഴുവൻ

സംസ്ഥാനത്തിന്റെ പൊതുകടത്തിൽപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷം ആദ്യമേ ആവശ്യപ്പെടുന്നതാണ്. എന്തായാലും നിങ്ങൾ പറഞ്ഞതുപോലെ, അവസാനം സി.ആൻഡ്.എ.ജി.-യും കേന്ദ്ര ഗവൺമെന്റും വന്നതിന്റെ ഭാഗമായാണ് വലിയ വെട്ടിക്കുറവ് വന്നത്. വാസ്തവത്തിൽ വലിയ വെട്ടിക്കുറവാണ് വന്നത്. ഈ വർഷം 4,800 കോടിയോളം രൂപയാണ് മുമ്പെടുത്ത കടമെന്നുപറഞ്ഞ് ഈ വർഷം നമുക്ക് എടുക്കേണ്ടത്. നേരത്തെ അത് നമ്മളെ ബാധിച്ചിരുന്നതല്ല. കടം എടുക്കുന്നതിന് മുമ്പാണ് അത് വെട്ടിക്കുറച്ചത്. ഏകദേശം 12,000 കോടി രൂപ ഈ വർഷം നമുക്ക് ചെലവാക്കേണ്ടതിൽ, കേന്ദ്ര സർക്കാരിന്റെ പല നിയന്ത്രണങ്ങൾ വന്നതുകൊണ്ട്..... നേരത്തെ നിങ്ങൾ ഉൾപ്പെടെ പറഞ്ഞിരുന്നു, കിഫ്ബി എന്നുപറയുന്നത് പിന്നീട് വരുന്ന ബാധ്യതയാണ് അതുകൊണ്ട് പൊതുക്കടത്തിൽപ്പെടുത്തണമെന്നുള്ളതുകൊണ്ട് 12,000 കോടി രൂപ ഈ വർഷവും കുറവുവരുന്നുണ്ട്. അതുമാത്രമല്ല, എപ്പോഴും പുറത്തുവരാത്ത ഒരു കണക്കുകൂടി ഞാൻ പറയാം. രണ്ടാം പിണറായി സർക്കാർ ചുമതലയേറ്റെടുക്കുന്ന സമയത്ത് ഉണ്ടായിരുന്ന പെൻഷൻ കമ്പനിയുടെ ബാധ്യത ഏകദേശം 30,000 കോടി രൂപയായിരുന്നു. അത് നമ്മുടെ

സംസ്ഥാനത്തിന്റെ കടത്തിൽ വരുമായിരുന്നില്ല. അതിപ്പോൾ 13,000 കോടി രൂപയായി കുറഞ്ഞു. അത് എല്ലാ വർഷവും ആവർത്തിച്ച് കൊടുത്തുകൊണ്ടിരിക്കുന്നതാണ്. ആ പണം, ഏകദേശം 20,000 കോടി രൂപ നിലവിൽ ഈ പൊതുകണക്കിൽ വരാത്ത, പെൻഷൻ കമ്പനിയുടെ പേരിലെടുത്ത കടവും ഈ നിയമം വന്നതുകൊണ്ട് കൊടുത്തുതീർക്കേണ്ടതായി വന്നു, അല്ലെങ്കിൽ കൊടുത്തു. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ, **XXXXXXX**+എന്നിട്ടും നമ്മൾ നന്നായി നിൽക്കുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്.

ശ്രീ. സജീവ് ജോസഫ്: സർ, കേരളത്തിലെ നികുതി വരുമാനത്തിലെ പ്രധാന പങ്കും പെട്രോൾ, ഡീസൽ നികുതിയിനത്തിലൂടെയാണ് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ സെസ് ഏർപ്പെടുത്തിയതിനുശേഷം ഇന്ധനത്തിന്റെ ഉപഭോഗം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ഇവിടെയുള്ളവർ മറ്റ് സംസ്ഥാനങ്ങളിൽ പോയി ഇന്ധനം നിറയ്ക്കുന്ന സാഹചര്യത്തിൽ സെസ് പിൻവലിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

---
\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, പെട്രോൾ, ഡീസൽ, മദ്യം എന്നിവ മാത്രമാണ് ജി.എസ്.ടി.-ക്ക് പുറത്തുള്ളത്. സെസ്സിന്റെ ഭാഗത്തുനിന്ന് വലിയ വരുമാനം ലഭിക്കുന്നില്ലെന്നാണ് മുമ്പുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. സെസ് ഏർപ്പെടുത്തിയതിന്റെപേരിൽ കേരളത്തിന് വലിയതോതിൽ സെയിൽസ് കുറഞ്ഞുവെന്ന് പറയാനും സാധിക്കില്ല. മറ്റുപല കാരണങ്ങൾകൊണ്ടും പെട്രോളിയം ഉൽപന്നങ്ങൾ നമ്മുടെ നാട്ടിലേക്ക് വരുന്നുണ്ട്. കർണ്ണാടകയിൽ സോഷ്യൽ വെൽഫയറുമായി ബന്ധപ്പെട്ട കാര്യങ്ങൾ വന്നപ്പോൾ അവർ അവിടത്തെ ടാക്സ് കൂട്ടിയിട്ടുണ്ട്. അതേസമയം നമ്മൾ ഇവിടത്തെ ടാക്സ് അവസാനമായി കൂട്ടിയതിനുശേഷം എത്രയോ വർഷമായി കൂട്ടിയിട്ടില്ല. കർണ്ണാടകയിൽ 40,000 കോടി രൂപ അധികബാധ്യത വരുന്നതരത്തിലുള്ള ചില സ്കീമുകൾ ഉണ്ടെന്നുപറഞ്ഞാണ് ടാക്സ് വർധിപ്പിച്ചത്. അതുകൊണ്ട് അതിന്റെയടിസ്ഥാനത്തിൽ വരുന്നുവെന്ന് കണക്കാക്കാൻ പറ്റില്ല. പക്ഷേ ഇൻഡസ്ട്രിയൽ പർപ്പസിനെന്ന് പറഞ്ഞാൽ ഡ്യൂട്ടിയൊന്നും കൊടുക്കാതെ പെട്രോളിയം ഉൽപന്നങ്ങൾ കൊണ്ടുവരാനുള്ള ചില പ്രൊവിഷൻസുണ്ട്. അതായത്, അതിന് നിങ്ങളുടെ ടാക്സുമായിട്ടോ, നമ്മുടെ ടാക്സുമായിട്ടോ ബന്ധമില്ല. ഇൻഡസ്ട്രിയൽ പർപ്പസിനാകുമ്പോൾ

അത് കൊണ്ടുവന്ന് വളരെ വില കുറച്ച്, നമുക്ക് 10-15 രൂപ കുറഞ്ഞുകിട്ടും. ഇതിന്റെ പേരിൽ ചില കള്ളക്കടത്ത് നടക്കുന്നുവെന്നത് സത്യമാണ്. അത്തരത്തിൽ കുറേയെറെ വാഹനങ്ങൾ പിടിച്ചെടുക്കുകയും കേസെടുക്കുകയും ചെയ്തിട്ടുണ്ട്. അതിനെ അങ്ങനെ നേരിടുകയല്ലാതെ നമുക്ക് വേറൊരു തരത്തിലും നേരിടാൻ സാധിക്കയില്ല. പ്രത്യേകിച്ചും മാഹി, വടകര, കണ്ണൂർ എന്നീ പല സ്ഥലത്തുനിന്നും പെട്രോളിയം ഉൽപന്നങ്ങൾ കൊണ്ടുവരാൻ സാധിക്കും. അത് ഇവിടെ പറഞ്ഞ നികുതിയുടെ പ്രശ്നമല്ല. അല്ലാതെയുള്ള കാര്യങ്ങൾ വരുന്നുണ്ട്. പൊതുവിൽ അല്ലാതെയുള്ള കാര്യങ്ങൾ നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ കണക്കുകളനുസരിച്ച് ശമ്പളത്തിന് 35 ശതമാനം, പെൻഷന് 18 ശതമാനം, പലിശയ്ക്ക് 24 ശതമാനം എന്നിങ്ങനെ എല്ലാംകൂടി വരുമ്പോൾ 77 ശതമാനമാണ്. ഇതിൽ പലതും ഒരു കമിറ്റഡ് എക്സ്പെൻഡിച്ചറാണ്. അതിൽ വികസനത്തിനുവേണ്ടി നമുക്ക് കിട്ടുന്നത് ഇതിന്റെ ബാലൻസ് മാത്രമാണ്. അതിൽ പലിശ കുറയ്ക്കുക എന്നത് മാത്രമാണ് നമുക്ക് ചെയ്യാൻ സാധിക്കുന്ന ഏകകാര്യം. ശമ്പളം കുറയ്ക്കാനും പെൻഷൻ ഇല്ലാതാക്കാനും കഴിയില്ല. നമുക്ക്

ചെയ്യാൻ സാധിക്കുന്നത് പലിശ കുറയ്ക്കൽ മാത്രമാണ്. നിലവിൽ പലിശ 24 ശതമാനമാണ്. അങ്ങ് ഇപ്പോൾ സൂചിപ്പിച്ച കിഫ്ബിയുടെ തിരിച്ചടവ് ബാക്കികൂടി വരുമ്പോൾ പലിശയുടെ നിരക്ക് പിന്നെയും കൂടിവരികയാണ്. ചുരുക്കിപ്പറഞ്ഞാൽ 23 ശതമാനം ബാലൻസ് വരുന്നത് വീണ്ടും കുറഞ്ഞുകുറഞ്ഞു വരികയാണ്. വളരെ നല്ല രൂപത്തിൽ സംസ്ഥാനം മുന്നോട്ടുപോകുന്നു, നല്ല ലാൻഡിങ്ങാണ്, നല്ല ടേക്ക് ഓഫ് ഉണ്ടാകുന്നുവെന്നുമൊക്കെ പറഞ്ഞ അങ്ങയുടെ ചിന്തയോട് ഞാനും ചേരുകയാണ്. പക്ഷേ വളരെ വ്യത്യസ്തമായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതുകൊണ്ട് പലിശ കുറയ്ക്കുന്നതിനുവേണ്ടിയുള്ള എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിക്കുന്നത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അങ്ങ് പറഞ്ഞതിൽ ചെറിയ വ്യത്യാസമുണ്ട്. പലിശ കുറച്ചും ചെലവ് കുറച്ചുമാണ് മുന്നോട്ടുപോകേണ്ടതെന്നാണ് അങ്ങ് പറഞ്ഞത്. പലിശ കുറയണമെന്നതിൽ തർക്കമില്ല. ഇപ്പോൾ ഒരു വർഷം 24000 കോടി രൂപയാണ് ടാക്സ് വിഹിതം കിട്ടുന്നതെങ്കിൽ, നമ്മുടേതിന് തത്തുല്യമായി ലഭിച്ചുകൊണ്ടിരുന്ന സംസ്ഥാനങ്ങൾക്കത് 48000 കോടി രൂപയായെന്നുള്ള കണക്കുകളുണ്ടല്ലോ;

ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനങ്ങളായ ഉത്തർപ്രദേശിലും ബീഹാറിലും ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മാത്രമല്ല കണക്കെടുക്കുന്നത്, അവർക്ക് 17 ശതമാനം ജനസംഖ്യയുണ്ടെങ്കിൽ 18 ശതമാനത്തിലധികം കേന്ദ്രവിഹിതം ലഭിക്കുന്നുണ്ട്. എല്ലായിടത്തും ആ കുറവ് വരികയാണ്. ഇന്ത്യാ ഗവൺമെന്റിന്റെ ഒരു വർഷത്തെ ആകെ വരവും ചെലവും ഏകദേശം 50 ലക്ഷം കോടി രൂപയാണ്. 25 ലക്ഷം കോടി രൂപ സംസ്ഥാനങ്ങൾക്ക് വിഹിതം വയ്ക്കുന്നുണ്ടെന്നാണ് അവർ പറയുന്നത്. ഈ വർഷം 4,90,000 കോടിയിലധികം രൂപയാണ് സംസ്ഥാനങ്ങൾക്ക് പുതുതായി നൽകാൻ തീരുമാനിച്ചത്. 25 ലക്ഷം കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിക്കുന്നതെങ്കിൽ, 3 ശതമാനം വച്ച് സംസ്ഥാനത്തിന് 75000 കോടി രൂപ ലഭിക്കണം. 2.9 ശതമാനത്തിലധികമാണ് ജനസംഖ്യയെങ്കിൽ അതിനനുസരിച്ച് ചെറിയ കുറവുവരും. നമുക്ക് കിട്ടുന്നത് 33000-34000 കോടി രൂപയാണ്. കിട്ടേണ്ടതിന്റെ പകുതി തുകപോലും ലഭിക്കുന്നില്ല. ഈ വിഹിതം വർധിപ്പിക്കാൻവേണ്ടി സംയുക്തമായി കേന്ദ്രത്തോട് ആവശ്യപ്പെടുക എന്നുള്ളതാണ് ഒന്നാമത്തെ കാര്യം. കടമെടുപ്പ് പരിധിക്കകത്തുനിന്നുമാത്രമേ

എടുക്കാൻ സാധിക്കുകയുള്ളൂ. അതിന് പലിശ നൽകാതിരിക്കാൻ കഴിയില്ല. അതും എടുക്കരുതെന്നുപറഞ്ഞാൽ നാളെ എന്തിൽനിന്നാണ് നമുക്ക് വരുമാനമുണ്ടാകുക? ഇവിടെ ക്യാപിറ്റൽ എക്സ്പെൻഡിച്ചർ വേണ്ടത്ര നടക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. ബജറ്റ് അറ്റ് എ ഗ്ലാൻസിന്റെ ആദ്യത്തെ ടേബിളിൽത്തന്നെ പറയുന്നുണ്ട്, നമുക്ക് ഈ വർഷം 16646 കോടി രൂപയാണ് യഥാർഥ ക്യാപിറ്റൽ എക്സ്പെൻഡിച്ചർ. പക്ഷേ എഫക്ടീവ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ 22806 കോടി രൂപയുടേതാണ്. കിഫ്ബി അടക്കമുള്ളതിന്റെ ഇൻവെസ്റ്റ്മെന്റ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്ക് കൊടുക്കുന്ന ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ഇവയെല്ലാംകൂടി വരുമ്പോൾ അത്രയും കൊടുക്കുന്നുണ്ട്. ഞാൻ അങ്ങയോട് ഒരുകാര്യം കൂടി ആവർത്തിച്ച് പറയുകയാണ്, അങ്ങയുടെ നേതാവ് തെലങ്കാന മുഖ്യമന്ത്രി ഇന്നലെ " We cannot spend more on capital expenditure because the situation is so worse" എന്ന് പറയുകയുണ്ടായി. തെലങ്കാന പോലെയൊരു സംസ്ഥാനത്തെ മുഖ്യമന്ത്രി " We are not able to spend on capital expenditure" എന്ന് വെറുതെ പത്രമാധ്യമത്തിൽ പറഞ്ഞതല്ല. ഇന്നലെ ഡൽഹിയിൽവച്ച് നടന്ന

ഇൻവെസ്റ്റേഴ്സ് ഓഫ് ഇൻഡസ്ട്രിയൽ കോൺക്ലേവിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞതാണ്. തെലങ്കാനപോലുള്ള സംസ്ഥാനത്തിനുപോലും മൂലധനം നിക്ഷേപിക്കാൻ കഴിയാത്ത തരത്തിലേയ്ക്കാണ് കേന്ദ്ര സർക്കാരിന്റെ ഈ സാമ്പത്തിക സമീപനം. അതിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞു. കേരളത്തിലും സംയുക്തമായിനിന്നുകൊണ്ട് ഉന്നയിക്കേണ്ട കാര്യം അതുതന്നെയാണ്. അല്ലാതെ പലിശ കുറച്ച് ഇതെല്ലാം നിർത്താനല്ല. സംസ്ഥാനത്തിന് ലഭിക്കേണ്ടത് ലഭിച്ചാൽ ഇത്രയും ബാധ്യതവരില്ല. ഇത്രയും പ്രതിസന്ധികൾക്കിടയിൽനിന്നും നാളെ നാട്ടിലേയ്ക്കെത്തുന്ന സുനിത വില്യംസിനെപ്പോലെ കേരളത്തെ തകർക്കാൻ ശ്രമിച്ചാലും കേരളം വീണ്ടും ശക്തമായി മുന്നോട്ടുപോകുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ശ്രീ. എം. വിൻസെന്റ്: സർ, നികുതി പിരിവ് ഊർജിതമാക്കുന്നുവെന്നല്ലാം അങ്ങ് പറഞ്ഞപ്പോൾ ബജറ്റ് എസ്റ്റിമേറ്റ് ചെയ്തതിനേക്കാൾ റീ എസ്റ്റിമേഷൻ വന്നപ്പോൾ 3000 കോടി രൂപ കുറഞ്ഞാണ് വന്നിട്ടുള്ളത്. ബജറ്റ് ഇൻ ബ്രീഫിലെ എ (39) ടേബിളിൽത്തന്നെ പറഞ്ഞിരിക്കുന്നത് **22814** കോടി രൂപ കുടിശ്ശികയുണ്ട് എന്നാണ്. ഇതിൽ 16201 കോടി രൂപ ഒരു തടസ്സവുംകൂടാതെ

പിരിച്ചെടുക്കാൻ കഴിയുന്നതുമാണ്. ഇന്റേണൽ ഓഡിറ്റ് വരുമ്പോഴാണ് ഇതിൽ ആരൊക്കെ നികുതി നൽകിയെന്നും ആരൊക്കെ നികുതി നൽകിയില്ലെന്നും അറിയുന്നത്. സി.ആൻഡ്എ.ജി.-യുടെ 2023-24-ലെ റിപ്പോർട്ടിൽ ഇന്റേണൽ ഓഡിറ്റ് കാര്യക്ഷമമായി നടക്കുന്നില്ലെന്ന് പറഞ്ഞിട്ടുണ്ട്. പല ഡിപ്പാർട്ടുമെന്റുകളും ഇന്റേണൽ ഓഡിറ്റിന് വിമുഖത കാണിക്കുകയാണ്. സി.ആൻഡ്എ.ജി. നോട്ടീസ് നൽകുമ്പോൾ മാത്രമാണ് ഇന്റേണൽ ഓഡിറ്റിന് അവർ തയ്യാറാകുന്നത്. അതുകൊണ്ട് ഡിപ്പാർട്ടുമെന്റുകളുടെ ഇന്റേണൽ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും ഓഡിറ്റ് വളരെ കൃത്യമായി നടപ്പാക്കണമെന്നുള്ളതാണ് സർക്കാരിന്റെ സമീപനം, അത് ഫിനാൻസ് മാനേജ്മെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകവുമാണ്. അങ്ങനെയല്ലാത്ത സാഹചര്യങ്ങളിൽ സർക്കാർ ഒരിക്കലും വിട്ടുവീഴ്ച ചെയ്യാറില്ല. പലപ്പോഴും ഇക്കാര്യങ്ങളൊക്കെ ഇൻസ്പെക്ഷൻ വിങ് പ്രത്യേകം പരിശോധിക്കുകയും ഓഡിറ്റ് വിങ്ങിന്റെ നിർദേശങ്ങൾ പരിശോധിച്ച് കാര്യങ്ങൾ ചെയ്യുന്നുമുണ്ട്. അക്കാര്യം കൂടുതൽ ശക്തമാക്കും.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനോടൊപ്പം ജനക്ഷേമവും കരുതലും എന്നതാണ് നമ്മുടെ സംസ്ഥാനത്തിന്റെ പാരമ്പര്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി പദ്ധതി അടങ്കലിന്റെ 30 ശതമാനം ഗ്രാന്റായി അനുവദിക്കുന്നു. കൂടാതെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ശമ്പളവും ബാധ്യതയും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇതിന്റെയെല്ലാം ഒരു സൈഡ് എഫക്ട് സ്ഥിരമായ റവന്യൂ കമ്മിയാണ്. വിവിധ ധനകാര്യ കമ്മീഷനുകൾ സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് കമ്മി നികത്തുന്നതിലേക്കായി നോൺ പ്ലാൻ റവന്യൂ ഡെഫിസിറ്റ് ഗ്രാൻഡ് ശിപാർശ ചെയ്യുന്നത് അംഗീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഗ്രാൻഡ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 ധനകാര്യ കമ്മീഷനിൽ എന്തൊക്കെ നിബന്ധനകൾക്കുവിധേയമായാണ് ഇത്തരം ഗ്രാൻഡ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത നിബന്ധനകൾ സംസ്ഥാന സർക്കാർ പാലിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇതുസംബന്ധിച്ച് വളരെ വിശദമായ മറുപടിയാണ് നൽകേണ്ടത്. അതെല്ലാം ഇപ്പോൾ പറയാൻ കഴിയില്ല. എന്തായാലും സംസ്ഥാന സർക്കാർ പൊതുവിൽ ഈ

നിബന്ധനകളെല്ലാം പാലിച്ചാണ് മുന്നോട്ടുപോകുന്നത്. അവ പാലിച്ചില്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് നമുക്ക് നൽകേണ്ട തുക നൽകുകയില്ലെന്ന് നമുക്കറിയാം. നിബന്ധനകളുടെ സ്ട്രിൻജൻസിക്ക് ഉദാഹരണമാണല്ലോ ചൂരൽമലയിൽ മാർച്ച് 31-നകം തുക ചെലവാക്കണമെന്നുള്ളത്. നിബന്ധനകൾ പലതും പറയാറുണ്ട്. നമ്മൾ ആ നിബന്ധനകൾ പാലിച്ചില്ലെങ്കിൽ കേന്ദ്രം അടുത്ത ഗഡു പണം നൽകുകയില്ല. അതുകൊണ്ട് സർക്കാർ ആ നിബന്ധനകൾ പാലിച്ചാണ് മുന്നോട്ടുപോകുന്നത്. പലപ്പോഴും സർക്കാർ പ്രയോഗികമായ കാര്യങ്ങൾ ആവശ്യപ്പെടാറുണ്ട്. എന്നാലും കേന്ദ്രത്തിന്റെ നിയമവും നിർദേശവുമനുസരിച്ചുമാത്രമേ അത് ചെയ്യാൻ സാധിക്കുകയുള്ളൂ.

**കേരള ബാങ്കിന്റെ നൂതന പദ്ധതികൾ**

5(*335) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u>
<u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u>
<u>ശ്രീ. കെ. പ്രേംകുമാർ:</u>
<u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാങ്കുകൾക്ക് നബാർഡ് നൽകുന്ന ഗ്രേഡിംഗ് നില ഉയർത്തുന്നതിന് കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി) പ്രവർത്തനം മെച്ചപ്പെടുത്തി ഗ്രേഡിംഗ് നില ഉയർത്തുന്നതിന് കേരള ബാങ്ക് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

(സി) ആർ.ബി.ഐ.-ൽനിന്നും എൻ.ആർ.ഐ. ബാങ്കിംഗ് ലൈസൻസ്, ഇന്റർനെറ്റ്/തേർഡ് പാർട്ടി ബിസിനസ് ലൈസൻസ് നേടുന്നത് ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

(ഡി) ബാങ്കിംഗ് രംഗത്ത് കേരള ബാങ്ക് നടപ്പാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ വിശദീകരിക്കുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ):

സർ, (എ) 2023-24 വർഷത്തെ നബാർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ ബാങ്കിന്റെ ഗ്രേഡ് 'C' യിൽനിന്ന് 'B' യിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്.

(ബി) ബാങ്കിന്റെ ഓഡിറ്റ്, ഇൻസ്പെക്ഷൻ വിഭാഗങ്ങൾ ശക്തിപ്പെടുത്തുകയും കൂടാതെ ബാങ്കിന്റെ compliance cell-ന്റെ നേതൃത്വത്തിൽ വിവിധ റഗുലേറ്ററി ഏജൻസികളുടെ എല്ലാ മാർഗനിർദേശങ്ങളും പാലിക്കുന്നത് ഉറപ്പുവരുത്തി. PACS Inspection

സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. ബാങ്കിന്റെ ഓഡിറ്റ്, ഇൻസ്പെക്ഷൻ പ്രവർത്തനങ്ങൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആർ.ബി.ഐ.-യിൽനിന്നും ഇന്റെർനെറ്റ് ബാങ്കിംഗ്, NRE/NRO അക്കൗണ്ടുകൾ തുടങ്ങുന്നതിനുള്ള ലൈസൻസ്, ഇന്റർനെറ്റ് ബാങ്കിംഗിനുള്ള ലൈസൻസ് എന്നിവ നേടുന്നതിന് ബാങ്കിന്റെ ഭാഗത്തുനിന്നും നിരന്തര ശ്രമങ്ങൾ നടത്തിവരുന്നു. പ്രവർത്തന വളർച്ചയുടെ മികവിൽ NRE/NRO അക്കൗണ്ടുകൾ തുടങ്ങുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ ഉടൻതന്നെ ബാങ്ക് കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആയതിന്റെ വെളിച്ചത്തിൽ 15-03-2024-ൽ ബാങ്കിന്റെ സ്ഥിതിവിവരങ്ങൾ ഉൾപ്പെടുത്തി നിലവിലെ CASA നിക്ഷേപം വർധിപ്പിക്കുന്നതോടൊപ്പം ബാങ്കിന്റെ മൊത്തത്തിലുള്ള ബിസിനസ് വളർച്ച മുന്നിൽ കണ്ടുകൊണ്ട് കത്ത് നൽകിയിരുന്നു. 31-03-2024-ലെ ബാങ്കിന്റെ മൊത്തം നിഷ്ക്രിയ ആസ്തി 11.45 ശതമാനവും അറ്റ നിഷ്ക്രിയ ആസ്തി 6.63 ശതമാനവുമാണ്. ഇത് യഥാക്രമം 7 ശതമാനത്തിനും 3 ശതമാനത്തിനും താഴെ എത്തിച്ചാൽമാത്രമേ ഇന്റർനെറ്റ് ബാങ്കിംഗിനുള്ള ലൈസൻസ് ലഭിക്കൂ. ഇതിനായി തീവ്ര കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി

നടപ്പാക്കിവരുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെയുള്ള ഏറെ ആകർഷകമായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31-03-2025 വരെ നിലവിലുണ്ട്.

(ഡി) കേരള ബാങ്ക് കോർ ബാങ്കിംഗ് സംയോജനം പൂർത്തിയായതിനെത്തുടർന്ന് വിവിധ ഡിജിറ്റൽ സേവനങ്ങൾ നൽകി വരുന്നു. ഇന്റർനെറ്റ് ബാങ്കിംഗ്, NRE/NRO അക്കൗണ്ട് എന്നിവ ഒഴികെയുള്ള എല്ലാ സേവനങ്ങളും നിലവിൽ ലഭ്യമാണ്. ഇന്റർനെറ്റ് ബാങ്കിംഗ്, NRE/NRO അക്കൗണ്ട് എന്നിവയ്ക്കുള്ള അനുമതി റിസർവ് ബാങ്കിൽനിന്ന് ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരള ബാങ്കിൽ ലഭ്യമായ ഡിജിറ്റൽ സേവനങ്ങൾ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലെ ഇടപാടുകാർക്കും ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ചെറുകിട നാമമാത്ര കർഷകരുടെ ശാക്തീകരണത്തിന് കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾ കേരള ബാങ്ക് നടത്തിവരുന്നു. സംസ്ഥാനത്തെ കർഷക സംഘടനകളുമായി സഹകരിച്ച് ആദ്യഘട്ടത്തിൽ 100 FPO ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി

സംസ്ഥാനത്തുടനീളം കർഷക യോഗങ്ങൾ സംഘടിപ്പിക്കുകയും പരിശീലനം നൽകിവരുകയും ചെയ്യുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കേരള ബാങ്കിലെ നബാർഡ് ഗ്രേഡ് 'C' യിൽനിന്ന് 'B' യിലേയ്ക്ക് ഉയർത്തിയതുകൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങളെന്താണെന്ന് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, വ്യക്തിഗത വായ്പകൾ 25 ലക്ഷം രൂപ വരെയായിരുന്നത് 40 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. അതോടൊപ്പം ബാങ്കിന്റെ ഇമേജും വർധിച്ചിട്ടുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, വയനാട് ദുരന്തത്തിൽ ഇരയായവർക്ക് കേരള ബാങ്ക് നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, 207 പേർക്കായി 385.87 ലക്ഷം രൂപ എഴുതിത്തള്ളിയിരിക്കുന്നു. ഇതുകൂടാതെ കുടുംബശ്രീ അംഗങ്ങൾക്ക് പേഴ്സണൽ വായ്പ രണ്ട് ലക്ഷം രൂപവച്ച് നൽകിത്തുടങ്ങിയിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ബാങ്കിംഗ് രംഗത്ത് കേരള ബാങ്ക് നടപ്പാക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പ്രയോജനപ്പെടുത്തി 177 ബാങ്കുകൾക്ക് എം.എസ്.എം.ഇ. പദ്ധതിയായി വായ്പകൾ കൊടുത്തുതുടങ്ങിയിരിക്കുന്നു. ഇതിൽ വലിയ രൂപത്തിലുള്ള മുന്നേറ്റം ഇനിയുമുണ്ടാകും.

ശ്രീ. കെ. പ്രേംകുമാർ: സർ, ടാക്സുകളെ വിവിധോദ്ദേശ സംഘങ്ങളാക്കുക, എഫ്.പി.ഒ. (Farmer Producer Organisations) - കൾ രൂപീകരിച്ച് കാർഷിക ഉൽപാദന വർധനവ് പ്രോത്സാഹിപ്പിക്കുക എന്നീ വിഷയങ്ങളിൽ കേരള ബാങ്ക് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, 100 എഫ്.പി.ഒ.-കൾ രൂപീകരിക്കാൻ തീരുമാനിച്ചു. അതിൽ 36 എണ്ണം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. ബാക്കിയുള്ളത് രൂപീകരിക്കാനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുന്നതാണ്.

ശ്രീമതി ദെലീമ: സർ, സംസ്ഥാനത്തെ ദുർബലാവസ്ഥയിലുള്ള പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾക്കായി കേരള ബാങ്ക് പ്രത്യേക പുനരുദ്ധാരണ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ പദ്ധതി തയ്യാറാക്കി നബാർഡിന്റെ സഹായത്തിനുവേണ്ടി 24-ാം തീയതി നബാർഡ് ചെയർമാൻ appointment തന്നിരിക്കുകയാണ്. അത് ഭാവിയിൽ നടപ്പാക്കാനുള്ള ശ്രമത്തിലേയ്ക്ക് വരികയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ചെറുകിട ഭൂവുടമകളുടെ വീടും പറമ്പും ജപ്തി ചെയ്തതിനെ സംബന്ധിച്ച് മുഖ്യമന്ത്രി സഭയിൽ ഒരു പ്രഖ്യാപനം നടത്തിയിരുന്നു. അക്കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത്; ഇപ്പോഴും പല ബാങ്കുകളും ജപ്തി നടപടികളുമായി മുന്നോട്ടുപോകുകയാണ്. അത് തടയാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച അതേ നിലപാടിൽത്തന്നെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് പ്രൈമറി സംഘങ്ങൾക്ക് മാത്രമാണ്, മൂന്ന് സെന്റിൽ താഴെ സ്ഥലമുള്ളവരെ മാത്രമാണ് വീടുകളിൽനിന്ന് ഇറക്കിവിടാതെ ജപ്തി നടപടികൾ സ്വീകരിക്കാതെ മുന്നോട്ടുപോകാൻ സാധിക്കുന്നത്. അതേസമയം സർഫാസി ആക്റ്റ് (THE

SECURITISATION AND RECONSTRUCTION OF FINANCIAL ASSETS AND ENFORCEMENT OF SECURITY INTEREST ACT, 2002) ആപ്ലിക്കബിളായിട്ടുള്ള DRT (Debt Recovery Tribunals)-പരിധിയിൽവരുന്ന കേരള ബാങ്കും മറ്റ് അർബൻ ബാങ്കുകളും അത്തരം നടപടികൾ സ്വീകരിക്കുന്നുണ്ട്. അത് കോടതി നടപടികളായതിനാൽ അവരെ അതിൽനിന്ന് പിന്തിരിപ്പിക്കണമെങ്കിൽ കുറെക്കൂടി ശ്രമങ്ങൾ വേണ്ടിവരും.

(*336, *337 എന്നീ ചോദ്യങ്ങളുടെ ചോദ്യകർത്താക്കൾ സീറ്റിലില്ലാത്തതിനാൽ ഉന്നയിക്കപ്പെട്ടില്ല.)

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്രവികസനം**

6(*338) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനും അതിലൂടെ പ്രസ്തുത സ്ഥാപനങ്ങളുടെ ഉന്നമനം ലക്ഷ്യമിടുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനുമായി രൂപീകരിച്ച

കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശിപാർശകൾ അംഗീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യത്തിൽ കവിഞ്ഞുള്ള ഭൂമി വ്യവസായ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ&ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉത്തരവാദിത്തത്തോടുകൂടിയുള്ള സ്വയംഭരണാവകാശം നൽകുന്ന വിഷയം പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി ശ്രീ. പോൾ ആന്റണി IAS (Retd.) ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന സ്വഭാവമനുസരിച്ച് നാല് കാറ്റഗറികളായി തിരിച്ച് ഓരോ സ്ഥാപനങ്ങളിലെയും പദ്ധതി നിർവഹണം, ധനകാര്യ മാനേജ്മെന്റ്, മാനവ വിഭവശേഷി മാനേജ്മെന്റ്, പൊതുഭരണം, വാണിജ്യം, ആസ്തി മാനേജ്മെന്റ്, സാങ്കേതിക പങ്കാളിത്തം, അസംസ്കൃത

വസ്തുക്കളുടെ സംഭരണം എന്നീ മേഖലകളിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളാണ് പ്രധാനമായും പോൾ ആന്റണി കമ്മിറ്റി മുന്നോട്ടുവച്ചത്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ച് കമ്മിറ്റി മുന്നോട്ടുവച്ച പ്രധാനപ്പെട്ട 28 ശിപാർശകളിൽ 14 ശിപാർശകൾ G.O.(Rt)No.87/2024/ID dated 31-01-2024 പ്രകാരം അംഗീകരിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു. ബാക്കിയുള്ള 14 ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അധിക ഭൂമി വ്യാവസായിക വികസനത്തിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച്, ആദ്യഘട്ടമായി 9 പൊതുമേഖലാ സ്ഥാപനങ്ങളിലെ 40.41 ഏക്കർ സ്ഥലം കണ്ടെത്തി പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനോടൊപ്പം, അധിക ഭൂമി ഉപയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വീകരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ അധിക ഭൂമി/അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഫ്യൂവൽ സ്റ്റേഷനുകൾ, സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ, Central Ware Housing Corporation-മായി സഹകരിച്ച് സ്റ്റോറേജ് സൗകര്യം, സംയുക്ത സംരംഭങ്ങൾ, ലോജിസ്റ്റിക് പാർക്ക്, സോളാർ പവർ പ്ലാന്റുകൾ, ഡാറ്റാ സെന്റർ മുതലായവ സ്ഥാപിക്കുന്നതിലൂടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചുവരുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, വ്യവസായമേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനും അതിന്റെ ഭാഗമായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ശ്രീ. പോൾ ആന്റണി കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വ്യവസായവകുപ്പ് ആ വകുപ്പുമായി ബന്ധപ്പെട്ട ചില ഉത്തരവ് ഇറക്കിക്കഴിഞ്ഞിട്ടുണ്ട്. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട കാര്യം പരിഗണനയിലാണ്. സ്വയംഭരണാവകാശം പൂർണ്ണമായും Financial Autonomy with Social Accountability ആക്കാനാണ് സർക്കാരിന്റെ നിലപാട്. ആ നിലപാട് നടപ്പാക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, വ്യവസായ വകുപ്പിന്റെ കീഴിലുള്ള ലാഭകരമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെന്താണ്; അവ എത്രയെണ്ണമുണ്ടെന്ന് വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഓരോ എണ്ണത്തിന്റെയും കണക്ക് പ്രത്യേകമായി നൽകാവുന്നതാണ്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും മത്സരക്ഷമമാക്കുക, ലാഭകരമാക്കുക, ശക്തിപ്പെടുത്തുക എന്നതാണ് സർക്കാർ നടപ്പാക്കുന്ന നയം.

ശ്രീ. കെ. വി. സുമേഷ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് ബാക്കിവരുന്ന ഭൂമി മറ്റ് വ്യവസായാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, നിലവിൽ അത് നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. ആ സ്ഥാപനങ്ങൾക്കുതന്നെ വ്യവസായ പാർക്കുകളായി ഇത് ആരംഭിക്കാൻ കഴിയുന്നതാണ്. ജോയിന്റ് വെഞ്ച്വറുകളും പ്രത്യേക അനുമതിയോടുകൂടി ആരംഭിക്കാനുള്ള നിലപാടും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞ സമയത്ത്, XXXXXXX+ എന്നൊരു പരാമർശം നടത്തി. ഞങ്ങൾ പറഞ്ഞിട്ടാണോ? അത് രാഷ്ട്രീയപരമായൊരു പരാമർശമാണ്. ഞങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ല, XXXXXXX+ ഇത് അപകടത്തിലെത്തും, ഇങ്ങനെ എടുക്കുന്ന കടം ഭാവിയിൽ കടമെടുപ്പിന്റെ പരിധിയിൽവരുമെന്ന് ഞങ്ങൾ മുന്നറിയിപ്പ് നൽകിയിരുന്നു. XXXXXX+ പറഞ്ഞത് ഒന്നുകിൽ പിൻവലിക്കണം, അല്ലെങ്കിൽ രേഖയിൽ ഉണ്ടാകരുത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാനൊരു വിവാദം സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നില്ല. ഞാനൊരു വസ്തുത പറഞ്ഞുവെന്നേയുള്ളൂ. കാരണം C&AG റിപ്പോർട്ടും, .....(ബഹളം).... കഴിഞ്ഞ അസംബ്ലി സമയത്തും, കഴിഞ്ഞ അഞ്ചുവർഷക്കാലം കിഫ്ബിയുടെ പേരിലും ഇതിന്റെ പേരിലും എന്തെല്ലാം വിവാദങ്ങളാണുണ്ടായത്. ഇതെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെ സ്വാധീനിച്ചിട്ടില്ലെന്ന് പറയാൻ കഴിയുമോ? C&AG റിപ്പോർട്ടും മറ്റുകാര്യങ്ങളും അതിനെ സ്വാധീനിച്ചിട്ടുണ്ട്.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ പരിഗണനയിലാണ്.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ പരിഗണനയിലാണ്.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ പരിഗണനയിലാണ്.

പ്രതിപക്ഷത്തിന്റെ ഈ ശക്തമായ .....(ബഹളം).... ഞാൻ പറഞ്ഞോട്ടെ .....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... അദ്ദേഹം കംപ്ലീറ്റ് ചെയ്യട്ടെ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ അമെന്റ് ചെയ്യാം. പ്രതിപക്ഷത്തിന്റെ ഈ നിലപാടുകളും ശക്തമായ പ്രക്ഷോഭവും കേന്ദ്രത്തിന്റെ സമീപനത്തെ സ്വാധീനിച്ചിട്ടുണ്ടെന്ന് പറയാം.

മി. സ്പീക്കർ: പരിശോധിക്കാം. യെസ്... ഓർഡർ... ഓർഡർ... പ്ലീസ്... പ്ലീസ്... റൂൾ 50.